


# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2023 മേയ് 01–15

Volume XV Issue 08

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam



Managing Editor: **Mathew George**
Tel: 267-991-2111







# പത്രപ്രവർത്തനം ഒരു കുറ്റകൃത്യമല്ല, ബൈഡൻ



വാഷിംഗ്ടൺ:സ്വദേശത്തും വിദേശത്തും ജനാധിപത്യത്തിന് ഭീഷണികൾക്കിടയിലും സ്വതന്ത്ര മാധ്യമങ്ങളുടെ പ്രാധാന്യം ജോ ബൈഡൻ എടുത്തുകാട്ടി.

ശനിയാഴ്ച വൈറ്റ് ഹൗസ് കറസ്പോണ്ടന്റ്സിന്റെ അത്താഴവിരുന്നിൽ പങ്കെടുത്തു പ്രസംഗിക്കുകയായിരുന്നു ജോ ബൈഡൻ

മാർച്ചിൽ റഷ്യയിൽ അറസ്റ്റിലാവുകയും ചാരവൃത്തി ആരോപിക്കുകയും ചെയ്ത വാൾസ്ട്രീറ്റ് ജേണൽ റിപ്പോർട്ടർ ഇവാൻ ഗെൻഷ്കോവിച്ചിന്റെ കുടുംബത്തെ തിരിച്ചറിഞ്ഞാണ് ബൈഡൻ തന്റെ പ്രസംഗം ആരംഭിച്ചത്. ഇരുട്ടിലേക്ക് വെളിച്ചം വീശാനാണ് ഇവാൻ റഷ്യയിലേക്ക് പോയത്, ഗെൻഷ്കോവിച്ചിന്റെ സമ്പൂർണ ധൈര്യത്തെ പ്രശംസിച്ചു കൊണ്ട് ബൈഡൻ പറഞ്ഞു.

**– പി പി ചെറിയാൻ**

പത്രപ്രവർത്തനം ഒരു കുറ്റകൃത്യമല്ല, കരഘോഷം മുഴക്കിയ ജനക്കൂട്ടത്തോട് ബൈഡൻ പറഞ്ഞു.

റഷ്യയിൽ 10 മാസത്തോളം തടവിലായിരുന്ന ഡബ്ല്യുഎൻബിഎ താരവും അത്താഴത്തിൽ പങ്കെടുത്തവരുമായ ബ്രിട്ട്നി ഗ്രിനൻ, പത്തു വർഷത്തിലേറെയായി സിറിയയിൽ തടവിലാക്കപ്പെട്ട പത്രപ്രവർത്തകൻ ഓസ്റ്റിൻ ടൈസിന്റെ അമ്മ ഡെബ്ര ടൈസ് എന്നിവരെയും പ്രസിഡന്റ് അംഗീകരിച്ചു.

ബന്ദികളാക്കിയ അല്ലെങ്കിൽ വിദേശത്ത് അന്യായമായി തടങ്കലിൽ വച്ചിരിക്കുന്ന എല്ലാ അമേരിക്കക്കാരെയും സഹിതം ഇവാനെയും ഓസ്റ്റിനെയും ഉടൻ മോചിപ്പിക്കണം, ബൈഡൻ ആവശ്യപ്പെട്ടു.

കോവിഡ് 19 പാൻഡെമിക് ആരംഭിച്ചതിന് ശേഷം ആദ്യമായി വൈറ്റ് ഹൗസ് കറസ്പോണ്ടന്റ്സിന്റെ അത്താഴം ഈ വർഷം അതിന്റെ തിളക്കമുള്ള, പ്രതാപത്തിലേക്ക് തിരിച്ചെത്തി.

എന്നാൽ ശനിയാഴ്ച, മഴയുള്ള കാലാവസ്ഥയ്ക്ക് പോലും ജനക്കൂട്ടത്തെ തടയാനായില്ല ഏകദേശം 2,600 മാധ്യമപ്രവർത്തകരും രാഷ്ട്രീയക്കാരും സെലിബ്രിറ്റികളും ആഘോഷത്തിനായി വാഷിംഗ്ടൺ ഹിൽട്ടണിലെ ബാൻറൂമിലേക്ക് എത്തിയിരുന്നു.

രാഷ്ട്രീയക്കാരും മാധ്യമങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ച നടനും മുൻ കാലിഫോർണിയ ഗവർണറുമായ അർനോൾഡ് ഷ്വാൻസെനെഗറുടെ വീഡിയോയോടെയാണ് രാത്രിയിലെ അവാർഡുകളും പ്രസംഗഭാഗവും ആരംഭിച്ചത്.

# ജനാധിപത്യവും സ്വേച്ഛാധിപത്യവും തമ്മിലുള്ള പോരാട്ടാണ് ഉക്രൈൻ– റഷ്യൻ യുദ്ധമെന്ന് പെലോസി



വാഷിംഗ്ടൺ ഡി.സി: ഉക്രൈനിൽ ഇപ്പോൾ നടക്കുന്നത് ജനാധിപത്യവും സ്വേച്ഛാധിപത്യവും തമ്മിലുള്ള പോരാട്ടാമാണെന്ന് ഹൗസ് സ്പീക്കറായിരുന്ന നാൻസി പെലോസി അഭിപ്രായപ്പെട്ടു.

ഹൗസ് സ്പീക്കറായിരുന്ന നാൻസി പെലോസി യുക്രൈനിൽ അപ്രതീക്ഷിത സന്ദർശനം നടത്തിയപ്പോൾ റഷ്യൻ അധിനിവേശം ആരംഭിച്ചിരുന്നു. പെലോസിയുടെ സന്ദർശനം ചരിത്രപരമായതുപോലെ അസാധാരണമായിരുന്നു. യു.എസിനും ഉക്രൈയ്നും ഇടയിൽ ഒരു പുതിയ നയതന്ത്ര ചാനൽ തുറന്നതും, അത് നീണ്ടു നിൽക്കുന്ന യുദ്ധത്തിൽ മാത്രം ആഴത്തിലുള്ളതുമായി.

# ന്യൂ ജേഴ്സിയിൽ ജനുവരി മുസ്ലീം പൈതൃക മാസമായി പ്രഖ്യാപിച്ചു




ന്യൂജേഴ്സി: യുഎസ് ചരിത്രത്തിൽ പുതിയ അധ്യായം എഴുതി ചേർത്തുകൊണ്ട് ന്യൂജേഴ്സിയിൽ ജനുവരി മുസ്ലീം പൈതൃകമാസമായി ആചരിക്കുമെന്നു ഗവർണർ ഫിൽ മർഫി പ്രഖ്യാപിച്ചു.

സമുദായ നേതാക്കൾ ഈ തീരുമാനത്തെ പ്രകീർത്തിച്ചു. രാജ്യത്ത് ഏറ്റവുമധികം മുസ്ലീങ്ങളുള്ള സംസ്ഥാനമാണ് ന്യൂജേഴ്സിയെന്നും അവർ ചൂണ്ടിക്കാട്ടി. അമേരിക്കൻ മുസ്ലീംസ് ഫോർ ഡെമോക്രസിയുടെ പ്രവർത്തകൻ സായ് നാബ് സായിദ് ഇതിൽ സന്തുഷ്ടി അറിയിച്ചു.

പ്രിൻസ്റ്റണിൽ ഗവർണറുടെ ഔദ്യോഗിക വസതിയിൽ ഈദ് അൽ ഫിത്തർ ആഘോഷത്തിനിടയിലാണ് മർഫി പ്രഖ്യാപനത്തിൽ ഒപ്പുവച്ചത്. മുസ്ലിം പൈതൃക മാസം ആചരിക്കാനുള്ള നിർദ്ദേശം നേരത്തെ സാമാജികർ അംഗീകരിച്ചിരുന്നു. ആഘോഷങ്ങളും വിദ്യാഭ്യാസ പരിപാടികളും ആചരണത്തിന്റെ ഭാഗമായി ഉണ്ടാവണമെന്നും അവർ നിർദ്ദേശിച്ചു. ന്യൂജേഴ്സിയിൽ മൂന്നു ലക്ഷം മുസ്ലിങ്ങളുണ്ട്, ജനസംഖ്യയുടെ മൂന്നു ശതമാനം.

# രാധ അയ്യങ്കാർ പ്ലംബ്നെ ഡെപ്യൂട്ടി അണ്ടർ സെക്രട്ടറി





വാഷിംഗ്ടൺ ഡിസി : ഇന്ത്യൻ അമേരിക്കൻ ഇക്കണോമിസ്റ്റും യുഎസ് പ്രതിരോധ വകുപ്പിലെ അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ് ആക്ടിംഗ് ഡെപ്യൂട്ടി അണ്ടർ സെക്രട്ടറിയായിരുന്ന രാധ അയ്യങ്കാർ പ്ലംബ്നെ ഡിഒഡിയുടെ ഏറ്റെടുക്കലിനും നിലനിൽപ്പിനുമുള്ള ഡെപ്യൂട്ടി അണ്ടർ സെക്രട്ടറിയായി യുഎസ് സെനറ്റ് സ്ഥിരീകരിച്ചു. ചൊവ്വാഴ്ച 6830 വോട്ടുകൾക്ക് രാധ അയ്യങ്കാർ പ്ലംബിനെ യുഎസ് സെനറ്റ് സ്ഥിരീകരിച്ചത്

പ്രസിഡന്റ് ജോ ബൈഡൻ 2022 ജൂണിലായിരുന്നു പ്ലബിനെ ഈ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്തത്.

പ്ലംബ് മുമ്പ് പ്രതിരോധ ഡെപ്യൂട്ടി സെക്രട്ടറിയുടെ ചീഫ് ഓഫ് സ്റ്റാഫ് ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സാങ്കേതിക ഗവേഷണം, ഡാറ്റാ സയൻസ്, ബിസിനസ് അനലിറ്റിക്സ് എന്നിവയുടെ ഉത്തരവാദിത്തമുള്ള ടീമുകളുടെ മേൽനോട്ടം വഹിക്കുന്ന ഗൂഗിളിൽ വിശ്വാസത്തിനും സുരക്ഷയ്ക്കു മുള്ള ഗവേഷണത്തിന്റെയും സ്ഥിതിവിവരക്കണക്കു കളുടെയും ഡയറക്ടറായിരുന്നു അവർ.



www.timesofamericanmalayali.com

## Importance Days in May 2023

**Labor Day - May 1**
List of important days in May 2023 International: International Labors Day also known as May Day is celebrated every year on May 1 to raise awareness about the laborer's struggle and gains. This day is celebrated as the most important day in May. People around the world can celebrate this day by conducting marches and protests for the rights of workers.

**World Tuna Day - May 2**
List of important days in May 2023 International: World Tuna Day is celebrated every year on May 2 to raise awareness about the importance of Tuna. This day is celebrated by the United Nations General Assembly(UNGA). This day was first observed in 2017. The main aim of this day was to preserve the Tuna fish from crashing.

## എസ്.ബി അസംപ്ഷൻ കോളജ് അലുംമ്നി പുതിയ പ്രിൻസിപ്പൽമാർക്ക് സ്വീകരണം



ചിക്കാഗോ: ചിക്കാഗോ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചങ്ങനാശേരി എസ്.ബി അസംപ്ഷൻ അലുംമ്നിയുടെ ചിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ദേശീയ തലത്തിൽ ഏപ്രിൽ ഒന്നിനു പുതുതായി ചുമതലയേറ്റ ചങ്ങനാശേരി അസംപ്ഷൻ കോളജ് പ്രിൻസിപ്പലായ റവ.ഡോ. തോമസ് പാറത്തറയ്ക്കും, വൈസ് പ്രിൻസിപ്പിലായി ചുമതലയേറ്റ ഡോ. റാണി മേരി തോമസിനും വൈസ് പ്രിൻസിപ്പലായി തന്റെ ചുമതലയിൽ തുടരുന്ന അസോസിയേറ്റ് പ്രൊഫസർ ആൻ മേരിക്കും പ്രൗഢോജ്ജ്വലമായ സ്വീകരണം നല്കി.

ഏപ്രിൽ 22ന് (ശനി) സൂം മീറ്റിംഗിലൂടെയാണ് പരിപാടി നടന്നത്. ചങ്ങനാശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പും ഇരു കോളജുകളുടേയും രക്ഷാധികാരിയുമായ മാർ ജോസഫ് പെരുന്തോട്ടം മുഖ്യാതിഥിയായും, സഹായ മെത്രാനായ മാർ തോമസ് തറയിൽ സ്പെഷ്യൽ ഡിഗ്നിറ്റിയുമായി സൂം മീറ്റിംഗിൽ പങ്കെടുത്തു.

വിദേശ രാജ്യങ്ങളിൽ താമസിക്കുകയും ജോലി ചെയ്യുകയും പ്രത്യേകിച്ച് അമേരിക്കയേപോലുള്ള രാജ്യത്തുള്ള അലുംമ്നിയംഗങ്ങൾക്ക് എസ്.ബി കോളജിനേയും അസംപ്ഷൻ കോളജിനേയും വിവിധ തലങ്ങളിൽ പല രീതികളിൽ ഇരു കോളജുകളുടേയും വളർച്ചയിലും ഉയർച്ചയിലും ഉന്നമനത്തിലും സഹകാരികളായും ഭാഗഭാക്കുകളായും പ്രവർത്തിക്കുവാൻ സാധിക്കും എന്നും അതിനായി മുന്നോട്ടുവരികയും ക്രിയാത്മകമായും പോസിറ്റീവായും പ്രവർത്തിക്കുകയും ചെയ്യണമെന്ന് ബിഷപ്പ് മാർ തോമസ് തറയിൽ പറഞ്ഞു. അസംപ്ഷൻ അലുംമ്നിയായ ലൗലി തോമസ് സ്വാഗതം പറഞ്ഞു. ചിക്കാഗോ അലുംമ്നി ചാപ്റ്റർ പ്രസിഡന്റ് ആന്റണി ഫ്രാൻസീസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

എസ്.ബിയുടേയും അസംപ്ഷന്റേയും അഡ്മിനിസ്ട്രേറ്റീവ് ടീമംഗങ്ങളും നിരവധി അലുംമ്നി അംഗങ്ങൾ ചിക്കാഗോ ചാപ്റ്ററിൽ നിന്നും ന്യൂജേഴ്സി ന്യൂയോർക്ക് ചാപ്റ്ററിൽ നിന്നും മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. ഇരു കോള ജുകളുടേയും മാനേജരായ മോൺസിഞ്ഞോർ റവ.ഡോ. ജയിംസ് പാലയ്ക്കൽ, റവ.ഡോ. റെജി കുര്യൻ പ്ലാന്തോട്ടം (എസ്.ബി കോളജ് പ്രിൻസിപ്പൽ), ഡോ. അനിതാ ജോസ് (അസംപ്ഷൻ കോളജ് മുൻ പ്രിൻസിപ്പൽ) ന്യൂജേഴ്സി ചാപ്റ്ററിൽ നിന്നു ശാസ്ത്രജ്ഞനും, എസ്.ബി അലുംമ്നിയുമായ ഡോ. തോമസ് കൊളക്കോട്ട്, ചിക്കാഗോ ചാപ്റ്ററിൽ നിന്നു എസ്.ബി അസംപ്ഷൻ അലുംമ്നിയായ കാർമൽ തോമസ് എന്നിവർ അസംപ്ഷൻ കോളജ്

അസംപ്ഷൻ കോളജ് പുതിയ പ്രിൻസിപ്പലായ റവ.ഡോ. തോമസ് പാറത്തറയും, പുതിയ വൈസ് പ്രിൻസിപ്പലായ ഡോ.റാണി തോമസും വൈസ് പ്രിൻസിപ്പലായി ചുമത ലയിൽ തുടരുന്ന അസോസിയേറ്റ് പ്രൊഫ. ആൻ മേരിയും എസ്.ബി അസംപ്ഷൻ അലുംമ്നി ചിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ദേശീയ തലത്തിൽ തങ്ങൾക്ക് നൽകിയ ഈ സ്വീകരണത്തിനും അഭിനന്ദനങ്ങൾക്കും സ്നേഹത്തിന്റെ ഭാഷയിൽ ചിക്കാഗോ ചാപ്റ്ററിനും ബോർഡ് അംഗങ്ങൾക്കും എല്ലാ അലുംമ്നിയംഗങ്ങൾക്കും പ്രത്യേകിച്ച് മെറ്റിക്കുലസായി എല്ലാം ക്രമീകരിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും നേതൃത്വം കൊടുത്ത ചിക്കാഗോ അലുംമ്നി ചാപ്റ്റർ പ്രസിഡന്റ് ആന്റണി ഫ്രാൻസീസിനും നന്ദി പറഞ്ഞു.

ചിക്കാഗോ അലുംനി ചാപ്റ്റർ സെക്രട്ടറി തോമസ് ഡീക്രോസ്സ് ഏവർക്കും നന്ദി പറഞ്ഞു. ന്യൂജേഴ്സി അലുംനി ചാപ്റ്ററിൽനിന്നുള്ള പിന്റോ കണ്ണംമ്പള്ളി യോഗത്തിൽ അവതാരകനായി പ്രവർത്തിച്ചു.

വിവരങ്ങൾക്ക്: ആന്റണി ഫ്രാൻസീസ് (പ്രസിഡന്റ്) 847 219 4897, തോമസ് ഡീക്രോസ്സ് (സെക്രട്ടറി) 224 305 3789, മാത്യു ഡാനിയേൽ (വൈസ് പ്രസിഡന്റ്) 847 373 9941.

## നവകേരള ആശയങ്ങൾക്കുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചത് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക: മോൻസ് ജോസഫ് എം.എൽ.എ




**– നവിൻ മാത്യു**

ഡാളസ്: നവകേരള ആശയങ്ങൾക്കുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചത് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയാണെന്ന് മോൻസ് ജോസഫ് എം.എൽ.എ

ഫ്ളോറിഡയിലെ മയാമിയിൽ നവംബർ 2ന് ആരംഭിക്കുന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പത്താമത് രാജ്യാന്തര മാധ്യമ സമ്മേളനത്തിന്റെ ഭാഗമായുള്ള ഡാളസ് ചാപ്റ്റർ കിക്കോഫ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രസ് ക്ലബ് ഡാളസ് ചാപ്റ്റർ പ്രസിഡന്റ് ഷാജി എസ്.രാമപുരം അധ്യക്ഷത വഹിച്ചു. പാലാ എം.എൽ.എ മാണി സി.കാപ്പൻ മുഖ്യപ്രഭാഷണം നടത്തി.

മാധ്യമ പ്രവർത്തകരുടെയും മാധ്യമ സ്ഥാപനങ്ങളുടെയും സ്വഭാവത്തിൽ വരുന്ന മാറ്റമാണ് ഈ കാലഘട്ടത്തിൽ വരുന്ന പ്രധാന വെല്ലുവിളിയെന്ന കൈരളി ചാനലിന്റെ നോർത്ത് ഇന്ത്യ ഹെഡു സീനിയറുമായ പി. ആർ.സുനിൽ അഭിപ്രായപ്പെട്ടു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക നാഷണൽ പ്രസിഡന്റ് സുനിൽ തൈമറ്റം, അഡ്വൈസറി ബോർഡ് ചെയർമാൻ ബിജു കിഴക്കേക്കുറ്റ്, നാഷണൽ അഡ്വൈസറി ബോർഡ് അംഗവും മുൻ പ്രസിഡന്റുമായ മധു കൊട്ടാരക്കര, ജോയിന്റ് സെക്രട്ടറി സുധ പ്ലാക്കാട്ട്, നാഷണൽ ജോയിന്റ് ട്രഷറർ ജോയ് തുമ്പമൺ, ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റ് ജോർജ് തെക്കേമല, കേരള അസോസിയേഷൻ പ്രസിഡന്റ് ഹരിദാസ് തങ്കപ്പൻ, ഫോമ മുൻ പ്രസിഡന്റ് ഫിലിപ്പ് ചാമത്തിൽ എന്നിവർ പ്രസംഗിച്ചു.

ചാപ്റ്റർ പ്രസിഡന്റ് ഷാജി എസ്. രാമപുരം, സെക്രട്ടറി സജി സ്റ്റാർലൈൻ, ട്രഷറർ തോമസ് കോശി, വൈസ് പ്രസിഡന്റ് രവികുമാർ എടത്വാ, ജോ.സെക്രട്ടറി മാർട്ടിൻ വിലങ്ങോലിൽ, ചാപ്റ്റർ ഉപദേശക സമിതി അംഗങ്ങളായ എബ്രഹാം തോമസ്, ജോസ് പ്ലക്കാട്ട് എന്നിവർ നേതൃത്വം വഹിച്ചു.

## ഒഐസിസി യുഎസ്എ എംഎൽഎമാർക്ക് സ്വീകരണം നൽകി



**-ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഹൃസ്വസന്ദർശനാർത്ഥം ഹൂസ്റ്റണിലെത്തിയ യുഡിഎഫിന്റെ നേതാക്കാളായ മുൻ മന്ത്രിയും കടുത്തുരുത്തി എംഎൽ.എയുമയ മോൻസ് ജോസഫിനും പാലാ എം.എൽ.എ മാണി സി.കാപ്പനും സമുചിതമായ യാത്രയയ്പ്പ് നൽകി. ഏപ്രിൽ 27ന് വൈകിട്ട് ഹിൽക്രോഫ്റ്റിലുള്ള കുമാർസ് ഇന്ത്യൻ റെസ്റ്റോറന്റിൽ നടത്തിയ ഡിന്നർ മീറ്റിലായിരുന്നു സ്വീകരണം.

ഒഐസിസി യുഎസ്എ ചെയർമാൻ ജെയിംസ് കൂടൽ മാണി സി.കാപ്പനെയും പ്രസിഡന്റ് ബേബി മണകുന്നേൽ മോൻസ് ജോസഫിനെയും ത്രിവർണ ഷാളുകൾ അണിയിച്ച് സ്വീകരിച്ചു. നാഷണൽ സെക്രട്ടറി ജീമോൻ റാന്നി സ്വാഗതം പറഞ്ഞു.

ഫോർട്ട് ഫെൻസ് കൗണ്ടി ഡിസ്ട്രിക്ട് കോർട്ട് ജഡ്ജ് സുരേന്ദ്രൻ കെ.പട്ടേൽ, മാഗ് പ്രസിഡന്റും ചാപ്റ്റർ സെക്രട്ടറിയുമായ ജോജി ജോസഫ്, റീജിയൻ ചാപ്റ്റർ നേതാക്കളായ പൊന്നുപിള്ള, ജോയ് തുമ്പമൺ, മൈസൂർ തമ്പി, ബിനോയ് ലൂക്കോസ് തത്തംകുളം, എബ്രഹാം തോമസ്, ബിജു ചാലക്കൽ, ബിനു പി.സാം, തോമസ് സ്റ്റീഫൻ സാമൂഹിക പ്രവർത്തകരായ എ.സി.ജോർജ്, തോമസ് ചെറുകര, ജോസ് പുന്നൂസ്, ബ്രൂസ് കൊളംബയിൽ, സണ്ണി കാരിക്കൽ, സെനത്ത് എള്ളങ്കിയിൽ, സഖറിയ കോശി, റെനി കവലയിൽ എന്നിവർ പങ്കെടുത്തു.

## പ്രായം ചെന്നവരും ബലക്കുറവുള്ളവരും കോവിഡ് ബൈവാലെന്റ് വാക്സിൻ എടുക്കണം; എഫ്.ഡി.എ

വാഷിംഗ്ടൺ ഡി.സി: 65 വയസ്സിനു മേലേ പ്രായമുള്ളവർക്കും ശരീരത്തിന്റെ പ്രതിരോധശേഷി കുറഞ്ഞവർക്കും ഒരു തവണ കൂടി കോവിഡ് പ്രതിരോധ ബൈവാലെന്റ് വാക്സിൻ എടുക്കാൻ എഫ്ഡിഎ അനുമതി നൽകി. ആഴ്ചതോറും ശരാശരി 1300 പേർ കോവിഡ് മൂലം മരിക്കുന്നു എന്നതുകൊണ്ടാണ് ഈ തീരുമാനം.

ബൈവാലെന്റ് വാക്സിൻ കൊറോണ വൈറസിന്റെ ഒമൈക്രോൺ വകഭേദങ്ങളെ ലക്ഷ്യം വയ്ക്കുന്ന, നാല് മാസത്തിനിടയിൽ ഒരിക്കലെങ്കിലും ബൈവാലെന്റ് വാക്സിൻ എടുത്തിട്ടില്ലാത്ത 65 കഴിഞ്ഞവർ കുത്തിവയ്പ് എടുക്കണമെന്നു എഫ്ഡിഎ നിർദ്ദേശിച്ചു. പ്രതിരോധ പ്രശ്നം ഉള്ളവർ കഴിഞ്ഞ കുത്തിവയ്പിനു രണ്ടുമാസം കഴിയുമ്പോഴും എടുക്കേണ്ടതുണ്ട്.

**Press Freedom Day - May 3**

List of important days in May 2023 International: Press Freedom Day is celebrated every year on May 3. The United Nations General Assembly(UNGA) has declared May 3 as World Press Freedom Day to raise awareness about the freedom of the press and uphold the rights to freedom of expression.

**World Asthma Day - May 3**

List of important days in May 2023 International: World Asthma Day is celebrated every year on the first Tuesday of May. This year World Asthma Day is celebrated on May 3 to raise awareness about Asthma. It affects the human lungs and causes respiratory diseases like breathlessness, chest tightness, and regular coughing. The theme of World Asthma Day 2023 will be updated later.

## ബാബു സ്റ്റീഫന് കാത്തലിക് ബിഷപ്പ് കോൺഫറൻസിന്റെ ആദരവ്

**- ശ്രീകുമാർ ഉണ്ണിത്താൻ**



തിരുവനന്തപുരം: ഫൊക്കാന പ്രസിഡന്റ് ബാബു സ്റ്റീഫനെ പ്രസിഡന്റ് ഓഫ് കേരളാ കാത്തലിക് ബിഷപ്പ് കോൺഫറൻസ് പ്രസിഡന്റും മേജർ ആർച്ച് ബിഷപ്പ് ഓഫ് തിരുവനന്തപുരം ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്ക ബാവ തിരുമേനി ആദരിച്ചു.

ഇന്ത്യയിലെയും വിദേശത്തുമുള്ള പന്ത്രണ്ട് തിരുമേനിമാർ പങ്കെടുത്തിരുന്ന സദസ്സിലാണ് ഡോ.ബാബു സ്റ്റീഫൻ സ്വീകരണം ഏറ്റുവാങ്ങിയത്. ഡോ. ഫിലിപ്പ് മാർ സ്റ്റീഫനോസ് ഡോ. ബാബു സ്റ്റീഫന്റെ സേവനപ്രവർത്തങ്ങൾ പ്രശംസിച്ചു.

ഡോ. ബാബു സ്റ്റീഫൻ ഫൊക്കാനയുടെ പ്രസിഡന്റ് ആയതിന് ശേഷം ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തുകയും അമേരിക്കയിലും കേരളത്തിലും പല പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. പാവപ്പെട്ടവരെ സഹായിക്കുന്ന കേരളത്തിലെ പല പദ്ധതികളിലും ബാബു സ്റ്റീഫന്റെ പ്രവർത്തനങ്ങൾ പ്രശംസിനിയമാണെന്ന് ഡോ.ഫിലിപ്പ് മാർ സ്റ്റീഫനോസ് അഭിപ്രായപ്പെട്ടു.

ബിസിനസ് രംഗത്ത് സജീവമായ ബാബു സ്റ്റീഫന്റെ പിതാവ് ജോർജ് ജോസഫ് കേരളത്തിലെ അറിയപ്പെടുന്ന ഏലം എസ്റ്റേറ്റ് ഉടമയായിരുന്നു. ഇന്ത്യ മുഴുവൻ ബിസിനസ് സംബന്ധമായ യാത്രകളിലെല്ലാം ചെറുപ്പം മുതൽക്കെ ഡോ.ബാബു സ്റ്റീഫനും പിതാവിനൊപ്പം ഉണ്ടായിരുന്നു. പിന്നീട് ഡോ. ബാബു സ്റ്റീഫൻ അമേരിക്കയിൽ എത്തി റിയൽ എസ്റ്റേറ്റ്, ഹെൽത്ത് കെയർ ബിസിനസിലും സജീവമായി. വാഷിംഗ്ടൺ ഡി.സിയിൽ നിന്ന് എം.ബി.എ യും 2006ൽ പി എച്ച് ഡിയും കരസ്ഥമാക്കി. ഇന്ത്യൻ കൾച്ചറൽ ഏകോപന സമിതിയുടെ പ്രസിഡന്റ്, യുണൈറ്റഡ് സ്റ്റേറ്റ് കോൺഗ്രസ് ഉപദേശക സമിതി അംഗം, ഫെഡറേഷൻ ഓഫ് ഇന്ത്യൻസ് ഇൻ അമേരിക്ക റീജിയണൽ വൈസ് പ്രസിഡന്റ്, അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ ഇൻ അമേരിക്കയുടെ പ്രസിഡന്റ് എന്നീ നിലകളിലെ പ്രവർത്തനം ഫൊക്കാനയെ ആഗോളതലത്തിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞു. ഡെമോക്രാറ്റിക് പാർട്ടിയുടെ വക്താവായ അദ്ദേഹം വാഷിംഗ്ടൺ ഡി.സി മേയറുടെ ആദരവ് സ്വീകരിച്ചിട്ടുണ്ട്. അമേരിക്കയിലെ മികച്ച ബിസിനസ് സംരംഭകരെ മാത്രം ഉൾപ്പെടുത്തി വാഷിംഗ്ടൺ ഡി സി മേയർ നടത്തിയ ചൈനാ യാത്രാ സംഘത്തിൽ പ്രത്യേക ക്ഷണിതാവായി ഉണ്ടായിരുന്നു. സ്വന്തം ബിസിനസ് സംരംഭമായ ഡി.ഡി. ഹെൽത്ത് കെയർ ഐ.എൻ. സിയുടെ സി.ഇ.ഒ, എസ്.എം റിയാലിറ്റി എൻ.എൻ.സിയുടെ പ്രസിഡന്റുമാണ് ഇപ്പോൾ.

## മലയാളി ചിത്രകാരന്മാരുടെ പെയിന്റിംഗുകൾ ഓൺലൈനിലൂടെ ലേലത്തിൽ

ചിക്കാഗോ: വടക്കേ അമേരിക്കയിലെ മലയാളികളുടെ കലാ സാംസ്കാരിക കൂട്ടായ്മയായ അല സംഘടിപ്പിക്കുന്ന ആർട്ട്സ് ആന്റ് ലിറ്ററി ഫെസ്റ്റിവല്ലിനോട് അനുബന്ധിച്ചാണ് പ്രമുഖരായ മലയാളി ചിത്രകാരന്മാരുടെ പ്രശസ്തമായ പെയിന്റിംഗുകൾ ഓൺലൈനിലൂടെ ലേലത്തിൽ വിൽക്കുന്നു.

മോപ്പസാങ് വാലത്ത്, റീന ബാബു, വിദ്യ രാജേഷ്, ഗോപികൃഷ്ണൻ, ജയകൃഷ്ണൻ ജി, കെ.യു. കൃഷ്ണകുമാർ, ശ്രീക്കുട്ടൻ നായർ, ബസന്ത് പെരിങ്ങോട് തുടങ്ങിയവരുടെ പെയിന്റിംഗുകളാണ് ലേലത്തിന് എത്തുന്നത്.

2023 ഏപ്രിൽ 28 മുതൽ മെയ് 31 വരെയാണ് ഓൺലൈനിലൂടെ പെയിന്റിങ്ങുകളുടെ ലേലം.

അല സാഹിത്യോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ചിത്രങ്ങളുടെ ലേലത്തിലൂടെ സമാഹരിക്കുന്ന തുക കേരളത്തിലെ ദരിദ്ര കുടുംബങ്ങളുടെ ഭവനനിർമ്മാണത്തിനായി ഉപയോഗിക്കുമെന്ന് അല ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്:
GO.CHARITYAUCTIONSTODAY.COM/BID/ALF2023

# ഫൊക്കാന ഫോമാ പ്രസിഡന്റുമാർ സംയുക്തമായി വെസ്റ്റ് ചെസ്റ്റർ പ്രവർത്തന ഉദ്ഘാടനം നടത്തിയ



**- ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: അഞ്ചു പതിറ്റാണ്ടിന്റെ സമ്പന്നമായ സാംസ്കാരിക ചരിത്രം കൈമുതലായുള്ള വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ കുടുംബ സംഗമവും പ്രവർത്തന ഉദ്ഘാടനവും ഹൃദ്യമായി. നിറഞ്ഞു കവിഞ്ഞ സദസിൽ പ്രകാശ പൂർണമാക്കിയ ആഘോഷം മികവുറ്റ കലാപരിപാടികൾ വേറിട്ടതായി.

സെക്രട്ടറി ഷോളി കുമ്പളവേലിയുടെ ആമുഖത്തിൽ സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ശേഷം നിമിഷ ആൻ വർഗീസ്, ഷിൻഷാ മേരി വർഗീസ്, ഹെലൻ പൗലോസ്, മിലൻ പൗലോസ്, സെലിൻ പൗലോസ് എന്നിവർ ദേശീയ ഗാനങ്ങളാലപിച്ചു. പ്രസിഡന്റ് ടെറൻസൺ തോമസ് അമേരിക്കൻ സംഘടനകൾക്കിടയിൽ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ പ്രാധാന്യം എടുത്തു കാട്ടി. ദേശീയ സംഘടന രണ്ടായപ്പോഴും ഡബ്ലിയു എം.എ. ഒറ്റക്കെട്ടായി നിൽക്കുന്നതിനാൽ എപ്പോഴും ദേശീയ നേതൃത്വങ്ങളിൽ സംഘടനയുടെ പ്രതിനിധികൾ പ്രമുഖ സ്ഥാനം വഹിക്കുന്നതിൽ അഭിമാനമുണ്ട്. സംഘടനയെ അടുത്ത തലത്തിലേക്ക് ഉയർത്താനുള്ള പ്രവർത്തങ്ങൾ സജീവമണെനും ടെറൻസൺ തോമസ് പറഞ്ഞു. ജോയി ഇട്ടൻ പ്രോഗ്രാം കോർഡിനേറ്റർ ആയി പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു. നിരീഷ് ഉമ്മൻ കൾച്ചറൽ കോർഡിനേറ്റർ ആയും പ്രവർത്തിച്ചു. മീര മാത്യു മിസ് ഇന്ത്യ ന്യൂ യോർക്ക് സ്പെഷ്യൽ ഗസ്റ്റ് ആയും ഫൊക്കാന സെക്രട്ടറി കല ഷഹി, ട്രഷർ ബിജു ജോൺ, ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർ സജി പോത്തൻ എന്നിവരും പങ്കെടുത്തു.

ഫൊക്കാന പ്രസിഡന്റ് ബാബു സ്റ്റീഫനും ഫോമാ പ്രസിഡന്റ് ജേക്കബ് തോമസും കൂടി ദീപം തെളിച്ചു. തെളിയിച്ചു ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് ടെറൻസൺ തോമസ്, സെക്രട്ടറി ഷോളി കുമ്പളവേലിൽ ട്രഷർ അലക്സാണ്ടർ വർഗീസ്, വൈസ് പ്രസിഡന്റ് ആന്റോ വർക്കി, ജോയിന്റ് സെക്രട്ടറി കെ.ജി. ജനാർദ്ദനൻ ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോൺ മാത്യു (ബോബി) ജോയി ഇട്ടൻ, നിരീഷ് ഉമ്മൻ, ശ്രീകുമാർ ഉണ്ണിത്താൻ, തോമസ് കോശി ട്രഷർ അലക്സാണ്ടർ വർഗീസ്, കെ.ജെ. ഗ്രഗരി, എ.വി വർഗിസ്, ഗണേഷ് നായർ, കെ.കെ ജോൺസൺ, തോമസ് ഉമ്മൻ, ജോ ഡാനിയേൽ, സുരേന്ദ്രൻ നായർ, രാജ് തോമസ്, ലിബിൻ ജോൺ എന്നിവർ നേതൃത്വം നൽകി.

നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസ്, സാത്വിക സ്കൂൾ ഓഫ് ഡാൻസ്, മയൂര സ്കൂൾ ഓഫ് ഡാൻസ് എന്നിവയിലെ വിദ്യാർഥികൾക്കു പുറമെ ഷാജു എം. പീറ്റർ, സാറാ പീറ്റർ, രാഹുൽ പുത്തൂരാൻ, തോമസ് ഉമ്മൻ, ഫെബി വർഗീസ്, കൃപ എബ്രഹാം തുടങ്ങിയവർ കലാപരിപാടികൾ അവതരിപ്പിച്ചു. ആഞ്ജലീന ജേക്കബ്, അഖിൽ ടെറൻസൺ എന്നിവരായിരുന്നു എംസിമാർ ആയി പ്രവർത്തിച്ചു.

മോണ്ടിഫേറി ഹോസ്പിറ്റലിലെ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് ആയ അന്ന കുര്യൻ, ലിങ്കൻ ഹോസ്പിറ്റലിലെ ബിഹേവിയർ ഹെൽത്ത് ഡയറക്ടർ ആയ താര ഷാജൻ എന്നിവരെ ആദരിച്ചു .

അസ്സോസിയേഷൻ മെമ്പേഴ്സിന്റെ ഗ്രാജുയേറ്റു ചെയ്ത സനൂപ് ഷാജി, ഇമ്മാനുവൽ ജേക്കബ്, ഹേലീന പൗലോസ്, ലിൻ സുനിൽ, സ്നേഹ കുര്യൻ, ആഞ്ചലീന എണ്ണച്ചേരിൽ, ആരോൻ മാത്യു, ജോബിൻ ഡാനിയേൽ, സ്നിഷ വർഗീസ്, അമൽ വർഗീസ്, ആഷാ ടെറൻസൻ എന്നിവരെ ആദരിച്ചു.

അസോസിയേഷൻ പ്രസിഡന്റ്മാരായ രാജു എബ്രഹാം, പ്രദീപ് നായർ, ഫ്രിൻസിസ് കാരക്കാട്, ജോസ് മലയിൽ സംഘടനാ പ്രവർത്തകർ ആയ സജിമോൻ ആന്റണി, ഫിലിപ്പോസ് ഫിലിപ്പ്, വർഗീസ് പോത്താനിക്കാട്, ജോയി ചക്കപ്പൻ, ഡോ.മധു നമ്പ്യാർ, ജോഫ്രിൻ ജോർജ്, അപ്പുകുട്ടൻ നായർ, ഫിലിപ്പ് മഠത്തിൽ, സുനിത നായർ, മേരി ഫിലിപ്പ്, ലിജോ ജോൺ, പ്രിൻസ് തോമസ് തുടങ്ങി നിരവധി പേർ പങ്കെടുത്തു

# സ്വാമി ചിദാനന്ദപുരിയും സച്ചിദാനന്ദ സ്വാമിയും ശക്തിശാന്താനന്ദയും കെ.എച്.എൻ.എ കൺവൻഷനിൽ

**- സുരേന്ദ്രൻ നായർ**

ഹൂസ്റ്റൺ: നവംബർ 23 മുതൽ 25 വരെ ഹൂസ്റ്റണിൽ സത്യാനന്ദ സരസ്വതി നഗറിൽ നടക്കുന്ന ഹിന്ദു സംഗമത്തിന് പ്രാരംഭം കുറിക്കുന്ന സന്യാസി സംഗമത്തിൽ കൊളത്തൂർ അദ്വൈദാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരി, ശിവഗിരി ശ്രീനാരായണ ധർമസംഘം പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി, സത്യാനന്ദ സരസ്വതി ഫൗണ്ടേഷൻ സാരഥി ശക്തി സദാനന്ദ മഹർഷി എന്നിവർ മുഖ്യ സാന്നിധ്യമാകും.

ആറ്റുകാൽ ക്ഷേത്രതന്ത്രി വാസുദേവൻ ഭട്ടതിരിപ്പാടും ഗുരുവായൂർ ക്ഷേത്ര മുൻ മേൽശാന്തി ഡോ.കിരണൻ ആനന്ദ് നമ്പൂതിരിയും പങ്കെടുക്കും.

ഭാരതീയ കലാ സാംസ്കാരിക പ്രകടനങ്ങളോടൊപ്പം ആധ്യാത്മിക ചർച്ചകളും സംവാദങ്ങളും നിറയുന്ന മൂന്നു പകലുകളും മൂന്നു രാത്രികളും നിറയുന്ന വർണ്ണാഭമായ കൺവൻഷനിലേക്കുള്ള രജിസ്ട്രേഷൻ വിവിധ പട്ടണങ്ങളിൽ വിജയകരമായി നടന്നുവരികയാണെന്ന് പ്രസിഡന്റ് ജി.കെ.പിള്ള, സെക്രട്ടറി സുരേഷ് നായർ, ട്രഷറർ ബാഹുലേയൻ രാഘവൻ, കൺവൻഷൻ ചെയർമാൻ ഡോ. രഞ്ജിത്ത് പിള്ള എന്നിവർ അറിയിച്ചു.

## ക്ളാസ് മുറികളിൽ പത്ത് കൽപ്പനകൾ പ്രദർശിപ്പിക്കണമെന്ന ബിൽ ടെക്സസ് സെനറ്റ് പാസാക്കി



**- പി. പി ചെറിയാൻ**

ടെക്സസ്: ടെക്സസ് പബ്ലിക് സ്കൂൾ ക്ലാസ് മുറികളിൽ പത്ത് കൽപ്പനകൾ പ്രദർശിപ്പിക്കണമെന്ന ബിൽ ടെക്സസ് സെനറ്റ് പാസാക്കി. ടെക്സസ് സ്റ്റേറ്റ് സെനറ്റർ ഫിൽ കിംഗ്, എന്നിവർ അവതരിപ്പിച്ച സെനറ്റ് ബിൽ 1515, സംസ്ഥാനത്തെ എല്ലാ പബ്ലിക് സ്കൂളുകളിലും എല്ലാ ക്ലാസ് മുറികളിലും പത്ത് കൽപ്പനകൾ പ്രധാനമായി പ്രദർശിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു.

പബ്ലിക് സ്കൂൾ ക്ലാസ് മുറികളിൽ പത്ത് കൽപ്പനകളുടെ പ്രധാന പ്രദർശനം ആവശ്യപ്പെടുന്ന ബിൽ ടെക്സസ് സെനറ്റ് വ്യാഴാഴ്ച പാസാക്കി. 1712 വോട്ടുകൾക്കാണ് സെനറ്റ് കക്ഷിനിലയിൽ ബിൽ പാസാക്കിയത്. സ്കൂളുകളിലെ മതത്തിന്റെ പങ്കിനെയും രക്ഷാകർതൃ അവകാശങ്ങളെയും കുറിച്ചുള്ള ചർച്ചയ്ക്ക് തിരികൊളുത്തി.

പത്തു കൽപ്പനകൾ ക്ലാസ് മുറികളിൽ കൊണ്ടു വരുന്നത് അവരുടെ മതം പരിഗണിക്കാതെ അവ വായിക്കുന്ന എല്ലാവർക്കും ഒരു അനുഗ്രഹമായിരിക്കുമെന്ന് ബ്രെറ്റ് കരുതുന്നു.മുസ്ലീമോ ബുദ്ധമതക്കാരനോ ജൂതനോ ക്രിസ്ത്യാനിയോ ആകട്ടെ, ഇതെല്ലാം നമുക്കെല്ലാവർക്കും ജീവിക്കാനുള്ള നല്ല കാര്യങ്ങളാണെന്ന് എല്ലാവരും സമ്മതിക്കുമെന്ന് കരുതുന്നതായി ബ്രൈറ്റ് പറഞ്ഞു.

സെനറ്റ് ബിൽ 1515 അനുസരിച്ച്, പത്ത് കൽപ്പനകൾ പ്രകടമായ സ്ഥലത്ത്, എല്ലാ ക്ലാസ് മുറികളിലും, ക്ലാസ് മുറിയിൽ എവിടെനിന്നും കാണാവുന്ന വലുപ്പത്തിലും ടൈപ്പ്ഫേസിലും പ്രദർശിപ്പിക്കേണ്ടതുണ്ട്.

## അവതാരകൻ ഡോൺ ലെമനെ സിഎൻഎൽ പുറത്താക്കി

സിഎൻഎൽ ദീർഘകാല ജനപ്രിയ അവതാരകനായ ഡോൺ ലെമനെ പുറത്താക്കി. തന്നെ പുറത്താക്കിയതായി ലെ മൻ ടിറ്ററ്റിൽ പോസ്റ്റ് ചെയ്ത പ്രസ്താവനയിൽ പറയുന്നു.

സിഎൻഎൽ സിഇഒ ക്രിസ് ലിച്ച് പുറത്താക്കൽ സ്ഥിരീകരിച്ചതായി ഒരു മെമ്മോയിൽ പറഞ്ഞു.

കഴിഞ്ഞ 17 വർഷമായി അദ്ദേഹം നൽകിയ സംഭാവനകൾക്ക് ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾ അദ്ദേഹത്തിന് ആശംസകൾ നേരുന്നു, അദ്ദേഹത്തിന്റെ ഭാവി പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സന്തോഷിപ്പിക്കും- സിഎൻഎൽ സിഇഒ ക്രിസ് ലിച്ച് പറഞ്ഞു.

## നോർകയുമായി സഹകരിച്ചു പി എം എഫ് സുഡാൻ ഹെല്പ് ഡെസ്ക് ആരംഭിച്ചു

ആഭ്യന്തര യുദ്ധം രൂക്ഷമായ സുഡാനിലെ പ്രവാസികളുടേയും പ്രത്യേകിച്ച് മലയാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതിനായി നോർകയുമായി സഹകരിച്ചു കൊണ്ട് പി എം എഫ് ഗ്ലോബൽ സംഘടന ഹെല്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചതായി പി എം എഫ് ഗ്ലോബൽ പസിഡണ്ട് എം പീ സലിം (ഖത്തർ) ഗ്ലോബർ ചെയർമാൻ ഡോക്ടർ ജോസ് കാനാട്ട് ( യു എസ് എ) ഗ്ലോബൽ ഓർഗനൈസർ വർഗീസ് ജോൺ (യു കെ) എന്നിവർ അറിയിച്ചു. സുഡാനിലുള്ള പ്രവാസികൾ വിദ്യാർഥികൾ എന്നിവർ അവരുടെ വിവരങ്ങൾ പി എം എഫ് വാട്സാപ്പ് ഗ്രൂപ്പിലും ഇ മെലിലോ അറിയിച്ചാൽ ആവശ്യമായ സഹായവും നിർദേശവും ലഭിക്കുമെന്ന് സംഘടന നേതാക്കൾ അറിയിച്ചു

നോർക്കയുടെ പ്രത്യേക സെൽ ആരംഭിച്ചതായി നോർക്ക സി.ഇ.ഒ. ഹരികൃഷ്ണൻ നമ്പൂതിരിയും അറിയിച്ചു. അവരുടെ നേതൃത്വത്തിൽ വിദേശ മന്ത്രാലയവും സുഡാനിലെ ഇന്ത്യൻ എംബസ്സിയുമായും നിരന്തരം ബന്ധപ്പെട്ടു വരികയാണ് ഇന്ത്യക്കാരെ സഹായിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഹെല്പ് ഡെസ്കും ആരംഭിച്ചിട്ടുണ്ട് ബന്ധപ്പെടേണ്ട നമ്പറുകളും ഇമെയിലുകളും കൊടുത്തിട്ടുണ്ട്

PMF Whatsapp + 91 - 90372 19227
Email:pmfsudan@gmail.com. NORKA Contact & Whatsapp 0091 8802012345
Cetnral Government Toll Free : 1800 11 8797
Mob +91-9968297988. situationroom@mea.gov.in

## ആത്മീയ നവചൈതന്യം പകർന്ന് പ്രഥമ ഡിട്രോയിറ്റ് മലങ്കര ഓർത്തഡോക്സ് കൺവൻഷൻ സമാപിച്ചു



**- പി പി ചെറിയാൻ**

ഡിട്രോയിറ്റ്: ഡിട്രോയിറ്റിലെ സെന്റ് ഗ്രിഗോറിയോസ്, സെന്റ് തോമസ്, സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആദ്യ ഡിട്രോയിറ്റ് ഓർത്തഡോക്സ് കൺവൻഷൻ സമാപിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്ക ൻഭദ്രാസനാധിപൻ ഡോ തോമസ് മാർ ഇവാനിയോസ് മെത്രോപൊളിറ്റൻ തിരിതെളിച്ച് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

2023 ഏപ്രിൽ 21 22 തീയതികളിൽ സെന്റ് ഗ്രിഗോറിയോസ് ദേവാലയത്തിൽ നടന്ന ഡിട്രോയിറ്റ് ഓർത്തഡോക്സ് കൺവൻഷൻ, ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് എന്നിവ പ്രാതിനിധ്യം കൊണ്ടും സംഘടന മികവുകൊണ്ടും സവിശേഷ ശ്രദ്ധയാകർഷിച്ചു .

ഗലാതൃർ 5 :13 സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ എന്ന പ്രധാന ചിന്ത വിഷയത്തെ അടിസ്ഥാനമാക്കി വചന ശുശ്രൂഷകളും വിവിധ ക്ലാസ്സുകളും വർക്ക് ഷോപ്പുകളും ഗാന ശുശ്രൂഷയും നടന്നു.

ഫാ: ഫിലിപ്പ് ജേക്കബ് ഫാ.പിസി ജോർജ്, ഫാ ജെറി ജോൺ, ഫാ.ഇമ്മാനുവേൽ പുന്നൂസ്, ഡീക്കൻ ജോൺ ശങ്കരത്തിൽ, റിയ തോമസ് ജോജി അലക്സ്, അജയ് അലക്സ് എന്നിവർ നേതൃത്വം നൽകി. ഏപ്രിൽ 23 നു സെന്റ് ഗ്രിഗോറിയോസ് ദേവാലയത്തിലെ ഇരുപത്തിയാറാമതു ഇടവക ദിനത്തിലും ഭദ്രാവസനാധിപൻ ഡോ തോമസ് മാർ ഇവാനിയോസ് മെട്രോപൊളിറ്റൻ പ്രധാന കാർമികത്വം വഹിച്ചു. ഇദംപ്രഥമമായി നടത്തപ്പെട്ടത് ഡിട്രോയിറ്റ് ഓർത്തഡോക്സ് കൺവൻഷൻ മേഖലയിലെ ഓർത്തഡോക്സ് ദേവാലയങ്ങൾക്ക് ആത്മീയമായി പുത്തൻ ഉണർവ് നൽകിയെന്നു ഫാ ജോർജ് ചാക്കോ പറഞ്ഞു

## കേരളാ സമാജം ഓഫ് ഗ്രേയ്റ്റർ ന്യൂയോർക്കിന്റെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു



**- മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: 2022ൽ അമ്പത് വർഷം പൂർത്തീകരിച്ച ലോകത്തിലെ തന്നെ ഏറ്റവും പുരാതന മലയാളീ സംഘടനകളിൽ ഒന്നായ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ 51മത് പ്രസിഡന്റിനെയം ടീം അംഗങ്ങളുടെയും സ്ഥാനാരോഹണവും 2023ലെ പ്രവർത്തനോദ്ഘാടനവുംനടന്നു.

കേരളത്തിൽ നിന്നെത്തിയ മുൻ പൊതുമരാമത്തു വകുപ്പ് മന്ത്രിയും കടുത്തുരുത്തി നിയോജക മണ്ഡലം എം.എൽ.എയുമായ അഡ്വക്കേറ്റ് മോൻസ് ജോസഫ്, പാലാ നിയോജക മണ്ഡലം എം.എൽ.എയും നാഷണൽ കോൺഗ്രസ്സ് പാർട്ടി (എൻ.സി.പി.) മുൻ സംസ്ഥാന ട്രഷററുമായ മാണി സി. കാപ്പൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു.

ഫിലിപ്പോസ് ജോൺ അധ്യക്ഷത വഹിച്ചു. 2018ലെ കേരളാ പ്രളയത്തിൽ ഈ സമാജം സഹായഹസ്തം നീട്ടിയതും മറ്റു പല അവസരങ്ങളിലും ആവശ്യക്കാരെ സഹായിക്കുന്നതും പ്രശംസനാർഹമാണെന്നു മോൻസ് പറഞ്ഞു. മലയാളി കമ്മ്യൂണിറ്റിയുടെ അഭിമാനമായ അമ്പത് വർഷം പൂർത്തീകരിച്ച സംഘടനയുടെ അൻപത്തി ഒന്നാമത് വർഷത്തിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിക്കുവാൻ അവസരം ലഭിച്ചതിലുള്ള സന്തോഷം എം.എൽ.എ മോൻസ് പ്രകടിപ്പിച്ചു.

സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക വികാരി ഫാദർ ജോർജ് ചെറിയാൻ ഈസ്റ്റർ സന്ദേശവും മലയാളീ അസ്സോസ്സിയേഷൻ ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദുസ് (മന്ത്ര) എന്ന സംഘടനയുടെ പി.ആർ.ഓ. രഞ്ജിത് ചന്ദ്രശേഖരൻ വിഷുസന്ദേശവും നൽകി. കേരളാ സമാജത്തിന്റെ സ്ഥാപക പ്രസിഡന്റ് പ്രൊഫ. ജോസഫ് ചെറുവേലിയും പങ്കെടുത്തു. തുടർന്ന് വിവിധ പരിപാടികൾ അരങ്ങേറി.

സമാജം സെക്രട്ടറി ജോൺ കെ. ജോർജ്, ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, ഫൊക്കാന ട്രഷറർ ബിജു ജോൺ, സമാജം സ്ഥാപക പ്രസിഡന്റ് പ്രൊഫ. ജോസഫ് ചെറുവേലിൽ, ട്രഷറർ ഷാജി വർഗീസ് ഏവർ പ്രസംഗിച്ചു. സമാജം വൈസ് പ്രസിഡന്റ് തോമസ് ഡേവിഡ് (സിബി) മാസ്റ്റർ ഓഫ് സെറിമണിയായി. ജോയിന്റ് സെക്രട്ടറി ഹേമചന്ദ്രൻ, കമ്മറ്റി അംഗങ്ങളായ ലീലാ മാരേട്ട്, ബെന്നി ഇട്ടിയേര, ജോർജ് കുട്ടി, സജി എബ്രഹാം, കോരസൺ വർഗീസ്, മാമ്മൻ എബ്രഹാം, സിജു സെബാസ്റ്റ്യൻ, സജി തോമസ്, ജോസി സ്കറിയ, ട്രസ്റ്റീ ബോർഡ് അംഗങ്ങളായ സണ്ണി പണിക്കർ, വിൻസെന്റ് സിറിയക്, വർഗീസ് കെ. ജോസഫ്, പോൾ പി. ജോസ് തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**Coal Miner's Day - May 4**
List of important days in May 2023 in India: Coal Miner's Day is celebrated every year on May 4. Coal is one of the major fossil fuels that contain rich Carbon. Sometimes miners face respiratory disease due to the inhale of coals and pollution.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പൗരാവകാശ ലംഘനങ്ങളുടെ സാധ്യത വർദ്ധിപ്പിക്കും

**- പി. പി ചെറിയാൻ**

വാഷിംഗ്ടൺ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഉപയോഗിക്കുന്നത് പൗരാവകാശ ലംഘനങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുമെന്ന് ബൈഡൻ ഭരണകൂടം ധനകാര്യ സ്ഥാപനങ്ങൾക്കും മറ്റ് കമ്പനികൾക്കും മുന്നറിയിപ്പ് നൽകി. ദോഷകരമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബിസിനസ്സ് രീതികൾ തകർക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. യുഎസ് ഫെഡറൽ ഏജൻസികളാണ് ചൊവ്വാഴ്ച ഈ ഞെട്ടിപ്പിക്കുന്ന പ്രഖ്യാപനം നടത്തിയത് .

ന്യായമായ മത്സരം, ഉപഭോക്തൃ സംരക്ഷണം, തുല്യ അവസരങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ, മുന്നേറ്റങ്ങൾ, കാര്യക്ഷമത, കുറഞ്ഞ ചെലവുകൾ എന്നിവ നൽകുന്ന കാര്യത്തിൽ അക പ്രയോജനകരമാകുമെങ്കിലും, നിയമവിരുദ്ധമായ പക്ഷപാതം നിലനിർത്താനും നിയമവിരുദ്ധമായ വിവേചനം യാന്ത്രികമാക്കാനും മറ്റ് ദോഷകരമായ ഫലങ്ങൾ ഉണ്ടാക്കാനും ഇതിന് കഴിവുണ്ടെന്ന് സംയുക്ത പ്രസ്താവനയിൽ ഏജൻസികൾ പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഓട്ടോമേറ്റഡ് സിസ്റ്റങ്ങൾ യുഎസ് ഫെഡറൽ നിയമങ്ങൾക്ക് അനുസൃതമായ രീതിയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

വായ്പ, തൊഴിൽ, ഹൗസിംഗ് എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ഓട്ടോമേറ്റഡ് സംവിധാനങ്ങളെ അമിതമായി ആശ്രയിക്കുന്നത്, വൈകല്യങ്ങൾ, മറ്റ് ഘടകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിവേചനം വർദ്ധിപ്പിക്കുമെന്ന് കൺസ്യൂമർ ഫിനാൻഷ്യൽ പ്രൊട്ടക്ഷൻ ബ്യൂറോ, നീതിന്യായ വകുപ്പിന്റെ പൗരാവകാശ യൂണിറ്റ്, ഫെഡറൽ ട്രേഡ് കമ്മീഷൻ എന്നിവ ചൂണ്ടിക്കാട്ടി.

ചാറ്റ് ജിപിടി ഉൾപ്പെടെയുള്ള എഐ ടൂളുകളുടെ വർദ്ധിച്ചുവരുന്ന ജനപ്രീതി, അവയുടെ ഉപയോഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് യുഎസ്, യൂറോപ്യൻ റെഗുലേറ്റർമാരെ പ്രേരിപ്പിക്കുന്നതാണ്. സാങ്കേതിക വിദ്യകളിൽ നിയന്ത്രണം കൊണ്ടുവരാൻ പുതിയ നിയമങ്ങളുടെ ആവശ്യകതയിലേക്ക് ഈ സാഹചര്യം.വിരൽ ചൂണ്ടുന്നു.

നവീകരണ അവകാശവാദങ്ങൾ നിയമ ലംഘനത്തിന് മറയാകരുത്, ഫെഡറൽ ട്രേഡ് കമ്മീഷൻ അധ്യക്ഷ ലിന ഖാൻ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. പുതിയ സാങ്കേതിക വിദ്യകൾ പൗരാവകാശ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് എവിയെയൊക്കെയാണെന്ന് കണ്ടെത്താൻ ടെക് മേഖലയിലെ വിസിൽ ബ്ലോവർമാരെ ബന്ധപ്പെടാൻ ഉപഭോക്തൃ സാമ്പത്തിക സംരക്ഷണ ബ്യൂറോ ശ്രമിക്കുന്നുണ്ടെന്ന് കൺസ്യൂമർ ഫിനാൻഷ്യൽ പ്രൊട്ടക്ഷൻ ബ്യൂറോ ഡയറക്ടർ രോഹിത് ചോപ്ര പറഞ്ഞു. കമ്പനികൾ അവരുടെ എഐ എടുക്കുന്ന തീരുമാനങ്ങളുടെ കാരണങ്ങൾ പോലും മനസിലാക്കുന്നില്ലെങ്കിൽ, അവർക്ക് അത് ഉപയോഗിക്കാൻ നിയമപരമായി അധികാരമില്ലെന്നും ചോപ്ര പറഞ്ഞു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടൂളുകൾക്ക് എങ്ങനെ വഞ്ചനയെ ടർബോ ചാർജ് ചെയ്യാനും വിവേചനം ഓട്ടോമേറ്റ് ചെയ്യാനും കഴിയുമെന്ന ഭീഷണികളിൽ നിന്ന് അമേരിക്കക്കാരെ സംരക്ഷിക്കാൻ ഞങ്ങളുടെ നിയമ അധികാരികളുടെ മുഴുവൻ വ്യാപ്തിയും ഉപയോഗിക്കാൻ ഞങ്ങൾ മടിക്കില്ല, എഠഇ ചെയർ ലിന ഖാൻ പ്രസ്താവനയിൽ പറഞ്ഞു.

സാങ്കേതിക മുന്നേറ്റങ്ങൾക്ക് നിർണായകമായ നവീകരണം നൽകാൻ കഴിയും എന്നാൽ നവീകരണത്തിന്റെ അവകാശവാദങ്ങൾ നിയമ ലംഘനത്തിന് മറയാകരുത്. പുസ്തകങ്ങളിലെ നിയമങ്ങൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇളവുകളൊന്നുമില്ല, കൂടാതെ അന്യായമോ വഞ്ചനാപരമോ ആയ സമ്പ്രദായങ്ങളെയോ അന്യായമായ മത്സര രീതികളെയോ ചെറുക്കുന്നതിന് എഫ്ടിസി ശക്തമായി നിയമം നടപ്പിലാക്കും. അവർ കൂട്ടിച്ചേർത്തു.

# അസോസിയേഷൻ ഓഫ് ടാമ്പ ഹിന്ദു മലയാളി വിഷു ആഘോഷിച്ചു

**- ടി. ഉണ്ണിക്കൃഷ്ണൻ**

ടാമ്പാ: അസോസിയേഷൻ ഓഫ് ടാമ്പാ ഹിന്ദു മലയാളി (ആത്മ) വിഷു ആഘോഷിച്ചു. ടാമ്പാ ടെമ്പിൾ ടെറസ്സിൽ ഉള്ള കമ്യൂണിറ്റി ഹാളിൽ വച്ചായിരുന്നു ആഘോഷം.

ആത്മ പ്രസിഡന്റ് അഷീദ് വാസുദേവൻ സ്വാഗതം പറഞ്ഞു. ഉണ്ണിക്കൃഷ്ണൻ സന്ദേശം നൽകി. ഡോ.രവീന്ദ്രനാഥ്, ഡോ.സുശീല രവീന്ദ്രനാഥ് എന്നിവർ കൈനീട്ടം നൽകി.

കേരളത്തനിമയിലുള്ള വിഷു കണിയും വിഭവ സമൃദ്ധമായ സദ്യയും ആഘോഷത്തിന്റെ ഭാഗമായി.

സുബ്, സൂരജ് കുമാർ, സൂരജ്, നിഷീദ്, വിനോദ്, ബിപിൻ, സൗരഭ്, വിനയ്, കൗശിക്, ദീപു, റിജേഷ്, രാഹുൽ ലക്ഷ്മി, രാജേശ്വരി, ശ്രീധ സാജ്, ശ്രീരാജ് നായർ, ശ്രീജേഷ് രാജൻ എന്നിവരുടെ നേതൃത്വത്തിലാണ് സദ്യയൊരുക്കിയത്.

# ഗ്ലോബൽ ഇന്ത്യൻ ന്യൂസ് പുരസ്കാരങ്ങൾ




ഹൂസ്റ്റൺ: രണ്ടാമത് ഗ്ലോബൽ ഇന്ത്യൻ ന്യൂസ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച മലയാളി സംഘടനയായി ഫൊക്കാനയും മികച്ച പരിസ്ഥിതി സംരക്ഷണ സംഘടനമായി വേൾഡ് മലയാളി കൗൺസിലും മികച്ച നഴ്സസ് അസോസിയേഷനായി ഇന്ത്യൻ അമേരിക്കൻ നഴ്സസ് ഓഫ് ഗ്രേറ്റർ ഹൂസ്റ്റണും മികച്ച ഇൻഡോ അമേരിക്കൻ സ്ഥാപനമായി ടോമാർ കൺസ്ട്രക്ഷനും തിരഞ്ഞെടുത്തു.

അമേരിക്കൻ മലയാളികളുടെ ഐക്യത്തിലൂടെ ജന്മനാടിന്റെ കൂട്ടായ്മയും വളർച്ചയുമാണ് ഫൊക്കാന എല്ലാ കാലത്തും ലക്ഷ്യംവച്ചത്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന് അമേരിക്കൻ മലയാളികളുടെ ശബ്ദമായി ഫൊക്കാന നിലകൊണ്ടു. അതുകൊണ്ടുതന്നെ ലോക മലയാളികൾക്കിടയിൽ ഫൊക്കാനയുടെ ഖ്യാതി ഉയർന്നു കേട്ടു. കേരളത്തിന്റെ പ്രതിസന്ധികാലത്തും അടിയന്തരഘട്ടങ്ങളിലും ഫൊക്കാനയുടെ നേതൃത്വത്തിൽ നടത്തി വന്ന പ്രവർത്തനങ്ങൾ പകരം വയ്ക്കാനില്ലാത്തതാണ്. കേരളത്തിൽ സാമൂഹികമായി പിന്നിൽ നിൽക്കുന്നവരെ കണ്ടെത്തി അവരുടെ ഉന്നമനത്തിനായി നടത്തി വന്ന ശ്രമങ്ങൾ മറ്റു സംഘടനകൾക്കും മാതൃകയായി എന്ന് അവാർഡ് കമ്മിറ്റി വിലയിരുത്തി.

മാറുന്ന കാലത്തിനനുസരിച്ച് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വേൾഡ് മലയാളി കൗൺസിൽ നടത്തി വരുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് എൻവയോൺമെന്റൽ എക്സലൻസ് പുരസ്കാരം നൽകി ഗ്ലോബൽ ഇന്ത്യൻ ആദരിക്കുന്നു. പച്ചപ്പിന്റെ കൈയൊപ്പ് ചാർത്തുന്ന പ്രകൃതിയ്ക്കായി വിശ്രമില്ലാതെ തുടർച്ചയായ പ്രവർത്തനങ്ങളാണ് വേൾഡ് മലയാളി കൗൺസിൽ നടത്തി വരുന്നത്.

പരിസ്ഥിതിദിനം ഒരു ദിവസത്തിൽ മാത്രം ഒതുങ്ങുന്നില്ല വേൾഡ് മലയാളി കൗൺസിലിന്. ഇതിന് തുടർച്ചയുണ്ടാകുന്നതിന്റെ ഭാഗമായി വിവിധ പരിസ്ഥിതിപ്രവർത്തനങ്ങൾ നടത്തി വരികയും വിവിധയിടങ്ങളിൽ നട്ട വൃക്ഷത്തൈകളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. വേൾഡ് മലയാളി കൗൺസിലിന്റെ ഓരോ പ്രൊവിൻസും ഈ ദൗത്യം ഏറ്റെടുക്കുന്നുവെന്നതും ശ്രദ്ധേയമാണ്. ജീവനാണ് പ്രകൃതി എന്ന സന്ദേശം പുതുതലമുറയിലേക്ക് പകരുന്നതിന്റെ ഭാഗമായി ബോധവത്ക്കരണ ക്ലാസുകളും നടന്നു വരികയാണെന്നും അവാർഡ് കമ്മിറ്റി വിലയിരുത്തി.

ആതുരസേവനരംഗത്തെ വെൺതൂവൽ മാലാഖമാർക്കൊപ്പം നിലകൊള്ളുന്ന ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിനെ മികച്ച നഴ്സസ് അസോസിയേഷനുള്ള പുരസ്കാരം നൽകി ഗ്ലോബൽ ഇന്ത്യൻ പുരസ്കാര വേദിയിൽ ആദരിക്കുന്നു. നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സേവകർക്കൊപ്പം നിലകൊള്ളുകയും അവരുടെ ആവശ്യങ്ങൾ അടുത്തറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്യുന്ന ഈ സംഘടനയുടെ ചിട്ടയായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഗ്ലോബൽ ഇന്ത്യൻ പുരസ്കാരം. പ്രസിഡന്റ് ഡോ. റീനു വർഗീസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് സംഘടനയുടെ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്നത്.

ഇന്ത്യയിൽ നിന്നും കുടിയേറിയ ആതുരസേവകരുടെ കൂട്ടായ്മയായി 1982ൽ ആരംഭിച്ച പ്രസ്ഥാനമാണിത്. നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അതിന് പരിഹാരം കണ്ടെത്താനും ആരംഭിച്ച സംഘടന കാലക്രമത്തിൽ പൊതുസമൂഹത്തിന്റെയും ഭാഗമായ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായി. എംഡി ആൻഡേഴ്സൺ കാൻസർ സെന്ററിലെ നഴ്സ് എഡ്യുക്കേറ്റർ മേരി ജെ എബ്രഹാം, വെസ്റ്റ്ബറി ഹോസ്പിറ്റലിലെ ക്രിട്ടിക്കൽ കെയർ നഴ്സ് സാറാമ്മ ജേക്കബ് എന്നിവരാണ് ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റ നഴ്സുമാരെ പിന്തുണയ്ക്കുന്നതിനായി ഒരു അസോസിയേഷൻ രൂപീകരിക്കാനുള്ള ആദ്യ നീക്കം നടത്തിയത്. കുടിയേറ്റ നഴ്സുമാരുടെ കരിയർ പുരോഗതി, അവർക്കാവശ്യമായ നിർദേശങ്ങൾ നൽകുക, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെയാണ് അസോസിയേഷന്റെ പ്രവർത്തനം തുടങ്ങിയത്.

മലയാളത്തിന്റെ ആഗോളമുഖമായി മാറിയ ടോമാർ കൺസ്ട്രക്ഷൻസിന് ഇൻഡോ അമേരിക്കൻ ബിസിനസ് ഓഫ് ദി ഇയർ പുരസ്കാരം നൽകി ഗ്ലോബൽ ഇന്ത്യൻ പുരസ്കാര വേദിയിൽ ആദരിക്കുന്നു. ടോമാർ കൺസ്ട്രക്ഷൻസിന്റെ ഉറപ്പുള്ള തലയെടുപ്പിന്റെ പേരാണ് തോമസ് മൊട്ടയ്ക്കൽ. ടോമാർ കൺസ്ട്രക്ഷൻസ് ഇന്ന് ലോകത്തിലെ തന്നെ മികച്ച നിർമ്മാണ കമ്പനികളിൽ ഒന്നാണ്.

ലോകമലയാളികളുടെ വാർത്താ ശബ്ദമായി മാറിയ ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവാർഡ് നൈറ്റും കൾച്ചറൽ ഫെസ്റ്റും മെയ് ഏഴിന് നടക്കും. വൈകിട്ട് അഞ്ചിന് ഹൂസ്റ്റൺ ക്നാനായ കമ്മ്യൂണിറ്റി സെന്റർ 2210 സ്റ്റാഫോർഡ്ഷൈർ റോഡ്, മിസൂറി സിറ്റിയിലാണ് ചടങ്ങുകൾ സംഘടിപ്പിച്ചിരിക്കുന്നത്. നാട്ടു നാട്ടു എന്നു പേരിട്ടിരിക്കുന്ന മഹാസംഗമത്തിൽ വിവിധ രംഗങ്ങളിൽ മികവു തെളിയിച്ച മലയാളി പ്രതിഭകൾക്ക് ഗ്ലോബൽ ഇന്ത്യൻ പുരസ്കാരം സമ്മാനിക്കും.

18 വ്യത്യസ്ത ഭാഷകളിൽ പാടുന്ന സോളോ പെർഫോമർ ചാൾസ് ആന്റണിയാണ് മുഖ്യ ആകർഷണം. ഇംഗ്ലീഷ്, സ്പാനിഷ് , ഇറ്റാലിയൻ, ഫ്രഞ്ച്, റഷ്യൻ തുടങ്ങിയ ഭാഷാ ഗാനങ്ങളാണ് ചാൾസിന്റെ സോളോ പെർഫോമൻസിൽ നിറയുന്നത്.

ക്ലാസിക്കൽ ഡാൻസ്, ബെല്ലി ഡാൻസ് തുടങ്ങിയ നൃത്ത ഇനങ്ങളുമായി സുന്ദരിമാർ വേദി കീഴടക്കും. ഫ്യൂഷൻ സംഗീതത്തോടൊപ്പം പ്രിയപ്പെട്ട ഗാനങ്ങളുമായി ഗായകരും വേദിയിലെത്തും. പിന്നണി ഗായിക കാർത്തിക ഷാജി സംഗീത വിരുന്നൊരുക്കും. പുത്തൻ സൗന്ദര്യ സ്വപ്നങ്ങളുടെ മായിക ലോകം പകർന്ന് ഫാഷൻ ഷോ, നാട്ടുമേളത്തിന്റെ പെരുമയുമായി ചെണ്ടമേളം തുടങ്ങിയ പരിപാടികളാണ് ആസ്വാദകരെ കാത്തിരിക്കുന്നത്. നാടൻ രുചികളുമായി ലൈവ് തട്ടുകട ഒരുങ്ങും. ഒപ്പം വ്യത്യസ്ത രുചിക പ്രീമിയം കോക്കെയ്ൽ ബാറും ഒരുങ്ങുന്നുണ്ട്.

**World Athletics Day - May 7**
List of important days in May 2023 International: World Athletics Day is celebrated every year on May 7. This Day is observed to raise awareness about the sports, Athletics. This Day was introduced in 1996. International Amateur Athletic Federation(IAAF) launched this World Athletics Day to honor the sportsperson who was having a responsibility to pride the nation.

**World Red Cross And Red Crescent Day - May 8**
List of important days in May 2023 International: World Red Cross and Red Crescent Day are celebrated every year on May 8. This initiative was studied by an International Commission established at the 14th International Conference on the Red Cross. This day is celebrated to raise awareness about the uniqueness and unity of World Red Cross Day.

**World Thalassemia Day - May 8**
List of important days in May 2023 International: World Thalassemia day is celebrated every year on May 8. This day is celebrated to raise awareness about the struggles of patients suffering from genetic disorders and raise awareness about Thalassemia.

# റവ. പി. തോമസ് മാത്യുവിന് സമുചിതമായ യാത്രയയപ്പ് നൽകി



**– ഷാജി രാമപുരം**

ഡാളസ്: മാർത്തോമ സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിലെ മാർത്തോമ ചർച്ച് ഓഫ് ഡാളസ് കരോൾട്ടൻ ഇടവക വികാരിയായി സേവനം അനുഷ്ഠിച്ച് കേരളത്തിലേക്ക് തിരിച്ചുപോകുന്ന റവ. പി.തോമസ് മാത്യുവിനും കുടുംബത്തിനും യാത്രയയപ്പ് നൽകി.

ഇടവക വൈസ് പ്രസിഡന്റ് ജോസ് വർഗീസ് അധ്യക്ഷത വഹിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് എബ്രഹാം തോമസ്, പി.ടി.ചാക്കോ, മനോജ് എബ്രഹാം, മോളി സജി, ജെസ്സി വർഗീസ്, മന്നാ തോമസ്, ബിജി തോമസ് എന്നിവർ പ്രസംഗിച്ചു. മിനി എബ്രഹാം പ്രാരംഭ പ്രാർത്ഥനയും മനു പാറേൽ സമാപന പ്രാർത്ഥനയും നടത്തി. ഇടവക സെക്രട്ടറി തോമസ് മാത്യു സ്വാഗതം പറഞ്ഞു. ഇടവകയുടെ ഉപഹാരം ട്രസ്റ്റിമാരായ ജെയിംസ് വർക്കിയും, സുജിത് വർഗീസും നൽകി.

# പ്രതികൂല സാഹചര്യത്തിലും സാക്ഷ്യ ജീവിതം നിലനിർത്തണം: റാണി മാത്യൂസ്

**– പി.പി ചെറിയാൻ**

ഡിട്രോയിറ്റ്: ജീവിതത്തിൽ സാഹചര്യങ്ങൾ അനുകൂലമായിരിക്കുമ്പോൾ മാത്രമല്ല പ്രതികൂല സാഹചര്യത്തിലും സാക്ഷ്യ ജീവിതം നിലനിർത്താൻ കഴിയണമെന്ന് റാണി മാത്യൂസ് പറഞ്ഞു.

467മത് രാജ്യാന്തര പ്രെയർലൈൻ ഏപ്രിൽ 24 ചൊവ്വാഴ്ച വൈകിട്ട് സംഘടിപ്പിച്ച യോഗത്തിൽ എബ്രായർക്കെഴുതിയ ലേഖനം പതിനൊന്നാം അധ്യായത്തെ അപഗ്രഥിച്ചു മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു റാണി മാത്യൂസ്.

പഴയനിയമത്തിൽ കാണുന്ന വിശ്വാസ വീരന്മാരുടെ ജീവിതത്തിലുടനീളം അവർ അനുഭവിക്കേണ്ടിവന്ന പ്രതികൂല ജീവിത സാഹചര്യങ്ങളിൽ തങ്ങളുടെ വിശ്വാസം തള്ളിക്കളയാതെ നിലനിൽക്കാൻ കഴിഞ്ഞത് പിന്നീട് അനുഗ്രഹത്തിന് മുഖാന്തിരമായതായും, പുതിയ നിയമ കാലഘട്ടത്തിൽ ക്രിസ്തുവിനെ അനുഗമിച്ച ശിഷ്യന്മാർ ഉൾപ്പെടെ നിരവധിപേർക്കു തങ്ങളുടെ ജീവൻ തന്നെ ബലിയർപ്പിക്കേണ്ടി വന്നുവെങ്കിലും കാത്തുസൂക്ഷിച്ച സാക്ഷ്യ ജീവിത്തിനു ഒരു പോറൽ പോലും ഏല്പിക്കുവാൻ കഴിഞ്ഞില്ല എന്നതും തിരുവചനത്തിൽ നാം മനസ്സിലാകുന്നു. നാം അനുഭവിക്കുന്ന കഷ്ടതയിലും ഒരു ദൈവീക പ്ലാൻ ഉണ്ടെന്നും അത് മനസ്സിലാക്കി രക്ഷാപൂർത്തി പ്രാപികേണ്ടതിനു ഏറ്റവും നല്ലതൊന്നു ദൈവം നമ്മുക്ക് വേണ്ടി മുൻകരുതിയിരിക്കുന്നുവെന്ന വിശ്വാസത്തോടെ സാക്ഷ്യമുള്ളവരായി മുന്നേറുവാൻ കഴിയണമെന്നും റാണി മാത്യൂസ് ഉദ്ബോധിപ്പിച്ചു

ഡാളസ്സിൽ നിന്നുള്ള ഗ്രേസ് അലക്സാണ്ടറുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഐപിഎൽ കോർഡിനേറ്റർ സി.വി.സാമുവേൽ സ്വാഗതം പറഞ്ഞു റാണി മാത്യൂസ് മലയിലിനെ പരിചയപ്പെടുത്തുകയും ചെയ്തു.

ഡെട്രോയിറ്റിൽ നിന്നുള്ള ഏലിയാമ്മ മാത്യൂസ് നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു. വിവാഹ വാർഷീകവും ജന്മദിനവും ആഘോഷിച്ചവരെ സി.വി.സാമുവേൽ അനുമോദിച്ചു. ഡാളസ്സിൽ നിന്നുള്ള ജോൺ പി മാത്യൂസ് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി.

ഐ പി എൽ സംഘടിപ്പിക്കുന്ന പ്രതിവാര പ്രാർത്ഥനായോഗങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി പേർ സംബന്ധിച്ചിരുന്നതായി കോർഡിനേറ്റർ ടി എ മാത്യു അറിയിച്ചു. പാസ്റ്റർ മാത്യൂസ് മയിലിന്റെ പ്രാർഥനക്കും ആശീർവാദത്തിനും ശേഷം യോഗം സമാപിച്ചു ഷിബു ജോർജ് ടെക്നിക്കൽ കോർഡിനേറ്ററായിരുന്നു

# ഏഷ്യാനെറ്റ് കാനഡ ഹെൽത്ത് കെയർ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു




**– ആസാദ് ജയൻ**

ടൊറന്റോ: കാനഡയിലെ ആരോഗ്യമേഖലയിൽ മികവു കാട്ടിയ ഭാരതീയരെ ആദരിക്കുന്നതിന് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഇന്ത്യൻ ഹൈ കമ്മീഷണർ സഞ്ജയ് കുമാർ വർമ, ടൊറന്റോയിലെ കോൺസൽ ജനറൽ അപൂർവ ശ്രീവാസ്തവ, കെയിൽ സീബാക് എം.പി, എം.പി.പിമാരായ ദീപക് ആനന്ദ്, അമർജോത് സന്ധു തുടങ്ങിയവർ ഗ്രാൻഡ് എംപയർ ബാങ്കറ്റ് ഹാളിൽ നടന്ന ഗാലയിൽ പുരസ്കാര ജേതാക്കളെ ആദരിച്ചു.

ആരോഗ്യരംഗത്തെ മികച്ച സംഭാവനകളും കോവിഡ് കാലത്തെ സേവനങ്ങളും കണക്കിലെടുത്താണ് പുരസ്കാരങ്ങൾ. കാനഡയിലെ പ്രമുഖ സാമൂഹിക സംഘടനയായ ഒന്റാരിയോ ഹീറോസും ഏഷ്യാനെറ്റ് ന്യൂസും സംയുക്തമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. അൻപതിലേറെ സംഘടനകളുടെ കൂട്ടായ്മകളുടെ സഹകരണത്തോടെയാണ് അ വാർഡ് നിശ ഒരുക്കിയത്.

ആജീവാനന്ത നേട്ടങ്ങൾക്കുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരത്തിന് ഡോ. സലീം യൂസഫ് ഏറ്റുവാങ്ങി. ടൊറന്റോ യൂണിവേഴ്സിറ്റിയിലെ മെഡിസിൻ ആൻഡ് റുമറ്റോളജി വിഭാഗം അസോസ്യേറ്റ് പ്രൊഫസർ ഡോ.നിജിൽ ഹറൂണിനാണ് മികച്ച ഡോക്ടറിനുള്ള പുരസ്കാരം. മിസ്സിസാഗ ട്രില്യം ഹോസ്പിറ്റലിലെ ബിന്ദു തോമസ് മേക്കുന്നേൽ മികച്ച നഴ്സസിനുള്ള പുരസ്കാരം ലഭിച്ചു. അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജുവേറ്റ് കാനഡയുടെ പ്രസിഡന്റ് കൂടിയായ ഡോ.കൃഷ്ണകുമാർ നായർക്കാണ് ആതുരസേവനത്തിനുള്ള മെഡിക്കൽ ലീഡർഷിപ്പ് അവാർഡ്. ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭയിൽ യുനെസ്കോ യൂത്ത് റപ്രസന്റേറ്റീവ് എന്ന നിലയിൽ ശ്രദ്ധേയനായ കെനീഷ അറോറയാണ് യൂത്ത് ഐക്കൺ ഓഫ് ദി ഇയർ പുരസ്കാരം.

# ഗ്ലോബൽ ഹിന്ദു സംഗമം രജിസ്ട്രേഷന് ശുഭാരംഭം കുറിച്ച് കെഎച്ച്എൻഎ മിഷിഗൺ



2023 നവംബർ 23 മുതൽ 25 വരെ ഹൂസ്റ്റണിൽ നടക്കുന്ന വിശാല ഹിന്ദു സംഗമം രജിസ്ട്രേഷൻ മിഷിഗൺ ശുഭാരംഭം വിഷു മഹോത്സവത്തിന്റെ ഭാഗമായി ഡിട്രോയിറ്റിൽ സംഘടിപ്പിച്ചു.

ഫാമിങ്ടൺ ശാരദാംബ ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്ന ആഘോഷ പരിപാടികളിൽ കെഎച്ച്എൻഎ പ്രസിഡന്റ് ജി.കെ.പിള്ള മുഖ്യാതിഥിയായി പങ്കെടുത്തു. 2023നു ശേഷം ഹൂസ്റ്റൺ നഗര ആഥിധേയത്വം വഹിക്കുന്ന പന്ത്രണ്ടാമത് ഹൈന്ദവ ദ്വൈവാർഷിക മാമാങ്കം ലക്ഷ്യമിടുന്ന ആത്മീയ ആചാര്യ സമീക്ഷയെയും, കലാസാംസ്കാരിക മേളകളെയും ചലച്ചിത്ര രംഗത്തെ മുൻനിര താരസാന്നിധ്യത്തെയും കുറിച്ച് വിഷു ആഘോഷ പരിപാടികളിൽ പങ്കാളിയായിക്കൊണ്ട് പ്രസിഡന്റ് ജി.കെ.പിള്ള വിശദീകരിച്ചു.

മിഷൻ പ്രസിഡന്റ് സുരേന്ദ്രൻനായർ സ്വാഗതം പറഞ്ഞു. അജി അയ്യമ്പള്ളിയും സംഘവും ഒട്ടുരുളിയിൽ വിഷു ഒരുക്കി.

ഡിട്രോയിറ്റിൽ നിന്നുള്ള രജിസ്ട്രേഷനുകളുടെ ഏകീകരണവും സമാഹരണവും നടത്തുന്ന മേഖലാ വൈസ് പ്രസിഡന്റ് പ്രവീൺ നായർ മേഖല കമ്മിറ്റിക്കുവേണ്ടി രാജേഷ് നായർ, ജയ് മുരളി നായർ, സതീഷ് മാടമ്പത്, പ്രവീൺ നായർ, ധനുഷ് കൊണ്ടോത്, സുരേന്ദ്രൻ നായർ എന്നിവരുടെ രജിസ്ട്രേഷൻ സ്വീകരിച്ചു.

ആശ മനോഹരൻ, ദേവിക രാജേഷ്, ഷോളി നായർ, സുദർശന കുറുപ്പ്, പ്രിയ കൃഷ്ണകുമാർ, സുനിൽ ചാത്തവീട്ടിൽ, ചന്ദ്രൻ പദ്മനാഭൻ, മനോജ് കൃഷ്ണൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ കലാമേളകൾ അവതരിപ്പിച്ചു.

ഡോ.ദീപ്ത് നായർ മോഹനിയാട്ടവും ദിയ ദിനേശ് സംവൃത പ്രദീപ് എന്നിവരുടെ ഗാനാലാപനവും ജ്യോതി സതീഷിന്റെ അഷ്ടപദിയും ആസ്വാദ്യകരമായി. സെക്രട്ടറി ധനുഷ് കൊണ്ടൊത്ത് നന്ദി പറഞ്ഞു.

# കാരുണ്യത്തിന്റെ കൈനീട്ടമൊരുക്കി ന്യൂജേഴ്സിയിലെ കുരുന്നുകൾ

ന്യൂജേഴ്സി: ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവകയിലെ വിശ്വാസ പരിശീലനത്തിനിടയിൽ അമ്പതു നോമ്പിന്റെ ചൈതന്യത്തിൽ കാരുണ്യത്തിന്റെ കൈനീട്ടമൊരുക്കി. സമാഹരിച്ച തുക ഇടവകയിലെ ചാരിറ്റബിൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വിൻസെന്റ് ഡി.പോൾ സംഘടനയുടെ പ്രവർത്തനങ്ങൾക്കായി നൽകി.

**World Mother's Day - May 8**

List of important days in May 2023 International: World Mother Day is celebrated every year on the second Sunday in May. This year, Mother's Day is celebrated on May 8. Mother's day is celebrated every year to honor every Mother of the Family.

**Victory Day - May 9**

List of important days in May 2023 International: Victory Day is celebrated every year on May 9. Victory Day is celebrated as one of the biggest holidays in Russia commemorates the surrender of Nazi Germany in 1945. It was first inaugurated in 15 Republics in the Soviet Union. Every year Russia observes Victory Day as a major Holiday.

**National Technology Day - May 11**

List of important days in May 2023 National: National Technology Day is celebrated every year on May 11. This day is to raise awareness about the importance of Scientists, Research, etc. This day is celebrated to raise awareness about the Technology that is developed day by day. On National Technology day, Pokhran nuclear tests are observed on May 11, 1998.

**International Nurses Day - May 12**

List of important days in May 2023 International: International Nurses Day is celebrated every year on May 12. Nurses Day is celebrated to praise the Nurses who contribute their work to the Society. This day is to commemorate the anniversary of Florence Nightingale's birthday. The International Council of Nurses(ICN) commemorates the importance of Nurses every year to celebrate.

## വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ഹ്യൂമാനിറ്റേറിയൻ അവാർഡ് ജോൺ സാമുവേലിന്



- ജീമോൻ റാന്നി

ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ഹ്യൂ മാനിറ്റേറിയൻ അവാർഡ് പ്രഖ്യാപിച്ചു.

കഴിഞ്ഞ 42 വർഷമായി ന്യൂയോർക്കിൽ സ്ഥിര താമസക്കാരൻ മാവേലിക്കര വെട്ടിയാർ സ്വദേശി ജോൺ ശമുവേൽ ഈ വർഷത്തെ ഹ്യൂമാനിറ്റേറിയൻ അവാർഡിന് അർഹനായി.

വേൾഡ് മലയാളി കൗൺസിലും ഏഷ്യാനെറ്റും ചേർന്ന് ഏപ്രിൽ 29 ശനിയാഴ്ച വൈകിട്ട് നടക്കുന്ന അവാർഡ് ദാന ചടങ്ങിൽ വച്ച് അവാർഡ് നൽകുന്നതാണ്. ഏപ്രിൽ 28 മുതൽ ഏപ്രിൽ 30 വരെ നടക്കുന്ന വേൾഡ് മലയാളി കൗൺസിൽ കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു

പതിനേഴാം വയസ്സിൽ അമേരിക്കയിൽ കുടിയേറി മിനോള ഹൈസ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ക്യൂൻസ് കോളേജിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ബിരുദം കരസ്ഥമാക്കി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 22 വർഷമായി മെഡിക്കൽ സെന്ററിൽ സീനിയർ മാനേജർ ആയി ഐടി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നു. 2013 മുതൽ സാമൂഹ്യ സേവനരംഗത്ത് ലൈഫ് & ലിംബ് എന്ന സംഘടന ഇദ്ദേഹവും കുടുംബവും രൂപീകരിച്ചു. തന്റെ സമ്പാദ്യത്തിൽ നിന്നും കാലുകളും കൈകളും വിച്ഛേദിക്കപ്പെട്ടവർക്ക് കൃത്രിമ കാലുകളും കൈകളും നൽകി അവരെ സാധാരണജീവിതത്തിലേക്ക് ഒരു പരിധിവരെ കൈപിടിച്ചു നടത്തുവാൻ സഹായിക്കുന്നു ഇതുവരെ 204 കൃത്രിമ കൈകാലുകൾ നൽകുവാൻ സാധിച്ചു

വേൾഡ് മലയാളി കൗൺസിൽ മീഡിയ ടീമിന് വേണ്ടി മീഡിയ കൺവീനർ സന്തോഷ് എബ്രഹാം ജോൺ സാമുവലിനെ ഇന്റർവ്യൂ ചെയ്തു.

## ലോക കേരള സഭയുടെ അമേരിക്കൻ സമ്മേളനത്തിൽ നോർക്ക റൂട്ട്സ് വൈസ് ചെയർമാനും സംഘവും അമേരിക്കയിലേക്ക്

തിരുവനന്തപുരം: ലോക കേരള സഭയുടെ അമേരിക്കയിൽ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കാനായി നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ പി.ശ്രീരാമകൃഷ്ണനും സംഘവും അമേരിക്കയിലേക്ക്.

ജൂൺ 5 മുതൽ 13 വരെയാണ് യാത്രയ്ക്ക് അനുമതി നൽകിയിരിക്കുന്നത്. ചെലവ് നോർക്കയാണ് വഹിക്കുന്നത്. ജൂൺ 9 മുതൽ 11 വരെയാണ് സംഗമം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ ഹരികൃഷ്ണൻ നമ്പൂതിരി, നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത് കോലശേരി എന്നിവരും ശ്രീരാമകൃഷ്ണനോടൊപ്പം അമേരിക്കയിലേക്കു പോകുന്നുണ്ട്. നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലയാണ് ഇതു സംബന്ധിച്ച ഉത്തരവ് ഇറക്കിയത്.

## നാട്ടു നാട്ടു വർണപ്പകിട്ടാർന്ന പരിപാടികളുമായി ഗ്ലോബൽ ഇന്ത്യൻ അവാർഡ് നൈറ്റിന് ഒരുങ്ങി ഹൂസ്റ്റൺ 7 ന്




- ജീമോൻ റാന്നി

ഹൂസ്റ്റൺ: ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവാർഡ് നൈറ്റും കൾച്ചറൽ ഫെസ്റ്റും മെയ് ഏഴിന് നടക്കും. വൈകിട്ട് അഞ്ചിന് ഹൂസ്റ്റൺ ക്നാനായ കമ്മ്യൂണിറ്റി സെന്റർ (2210 സ്റ്റാഫോർഡ്ഷൈർ റോഡ്, മിസൂറി സിറ്റി) ലാണ് ചടങ്ങുകൾ സംഘടിപ്പിച്ചിരിക്കുന്നത്. നാട്ടു നാട്ടു എന്നു പേരിട്ടിരിക്കുന്ന മഹാസംഗമത്തിൽ വിവിധ രംഗങ്ങളിൽ മികവു തെളിയിച്ച മലയാളി പ്രതികൾക്ക് ഗ്ലോബൽ ഇന്ത്യൻ പുരസ്കാരം സമ്മാനിക്കും.

കലയും നാട്ടുരുചിയും പിന്നെ ആവോളം സ്നേഹവുമാണ് ഗ്ലോബൽ ഇന്ത്യൻ അവാർഡ് നൈറ്റിന്റെ മുഖ്യ ആകർഷണം. രാഷ്ട്രീയ സാംസ്കാരിക സാമൂഹിക രംഗത്തെ പ്രമുഖർക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളികളും ഈ സംഗമത്തിൽ പങ്കെടുക്കും. മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന മലയാളികൾക്കുള്ള വിദേശി മലയാളികളുടെ അംഗീകാരം കൂടിയായി ഈ ചടങ്ങ് മാറും. ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച മഹത് വ്യക്തിത്വങ്ങളെ ചടങ്ങിൽ ആദരിക്കും. അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളുടെ ഏറ്റവും വലിയ സംഗമമായി ഗ്ലോബൽ ഇന്ത്യൻ അവാർഡ്നൈറ്റ് മാറ്റാനുള്ള അണിയറ പ്രവർത്തനങ്ങളാണ് ഒരുങ്ങുന്നത്.

18 വ്യത്യസ്ത ഭാഷകളിൽ പാടുന്ന സോളോ പെർഫോമൻ ചാൻസ് ആന്റണിയാണ് മുഖ്യ ആകർഷണം. ഇംഗ്ലീഷ്, സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, റഷ്യൻ തുടങ്ങിയ ഭാഷാ ഗാനങ്ങളാണ് ചാൾസിന്റെ സോളോ പെർഫോമൻസിൽ നിറയുന്നത്. ക്ലാസിക്കൽ ഡാൻസ്, ബെല്ലി ഡാൻസ് തുടങ്ങിയ നൃത്ത ഇനങ്ങളുമായി സുന്ദരിമാർ വേദി കീഴടക്കും. ഫ്യൂഷൻ സംഗീതത്തോടൊപ്പം പ്രിയപ്പെട്ട ഗാനങ്ങളുമായി ഗായകരും വേദിയിലെത്തും. പുത്തൻ സൗന്ദര്യ സ്വപ്നങ്ങളുടെ മായിക ലോകം പകർന്ന് ഫാഷൻ ഷോ, നാട്ടുമേളത്തിന്റെ പെരുമയുമായി ചെണ്ടമേളം തുടങ്ങിയ പരിപാടികളാണ് ആസ്വാദകരെ കാത്തിരിക്കുന്നത്.

രുചിയൂറുന്ന കൊതിപ്പിക്കുന്ന വിഭവങ്ങളും ആഘോഷരാവിന് മികവേകും. നാടൻ രുചികളുടെ പെരുമഴക്കാലമൊരുക്കി ലൈവ് തട്ടുകട ഒരുങ്ങും.

ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണെന്ന് ചെയർമാൻ ജെയിംസ് കൂടൽ, എഡിറ്റർ ഇൻ ചീഫ് ഹരി നമ്പൂതിരി, ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ തോമസ് സ്റ്റീഫൻ എന്നിവർ അറിയിച്ചു.

2022ൽ ഗ്ലോബൽ ഇന്ത്യൻ ആഘോഷവും പുരസ്കാര വിതരണവും ഉണർവ് എന്ന പേരിൽ പത്തനാപുരം ഗാന്ധിഭവനിലായിരുന്നു നടന്നത്. പോയ വർഷം ഗ്ലോബൽ ഇന്ത്യൻ പ്രത്യേക പുരസ്കാരം പത്തനാപുരം ഗാന്ധിഭവൻ, സേവനശ്രീ പുരസ്കാരം വേൾഡ് മലയാളി കൗൺസിൽ, ഹരിതശ്രീ പുരസ്കാരം ജോർജ് കുളങ്ങര, കർമശ്രീ പുരസ്കാരം ഡോ.എം.എസ്. സുനിൽ, മാധ്യമശ്രീ പുരസ്കാരം സേതുലക്ഷ്മി, യുവശ്രീ പുരസ്കാരം സുജിത്ത് കെ.ജെ എന്നിവരാണ് ഏറ്റുവാങ്ങിയത്. ആരോഗ്യമന്ത്രി വീണാ ജോർജ്, രമേശ് ചെന്നിത്തല, കൊടിക്കുന്നിൽ സുരേഷ് എംപി, എംഎൽഎമാരായ മോൻസ് ജോസഫ്, കെ.യു.ജനീഷ്കുമാർ, പുനലൂർ സോമരാജൻ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് നടന്ന കലാമാമങ്കത്തിന് കനൽ ബാൻഡ് നേതൃത്വം നൽകി.

## മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ ചാരിറ്റി റാഫിൾ കിക്കോഫ് നടത്തി



- ജീമോൻ റാന്നി

ഫിലാഡൽഫിയ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ (മാപ്പ്) ഈ വർഷം അടൂരിലുള്ള ശയ്യാവലംബയായ ഒരാളുടെ ഭവന നിർമ്മാണത്തിലേക്കായി നടത്തപ്പെടുന്ന ചാരിറ്റി റാഫിളിന്റെ കിക്കോഫ് ഇന്ത്യൻ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് പ്രസിഡന്റ് ശ്രീജിത്ത് കോമത്തിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ചാരിറ്റി കോർഡിനേറ്റർ സോബി ഇട്ടി മാപ്പിലെ അംഗങ്ങൾക്ക് നൽകി ഉദ്ഘാടനം ചെയ്തു.

മാപ് എല്ലാ വർഷവും ചാരിറ്റി പ്രവർത്തനം അമേരിക്കയിലും കേരളത്തിലും ആയി നടത്തി വരുന്നു. ഈ വർഷം ഒരു ഭവനം നിർമ്മിച്ചു നൽകുന്നതിനായി ചാരിറ്റി റാഫിളിൽ നിന്നും ലഭിക്കുന്ന തുക മുഴുവനും ഉപയോഗിക്കുന്നതാണെന്ന് സോബി ഇട്ടി അറിയിച്ചു.

ഈ ഒരു ഉദ്യമത്തിൽ എല്ലാ മലയാളി സുഹൃത്തുക്കളുടെയും സഹകരണം മാപ്പ് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

## ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന്റെ കിക്കോഫ് ഡാളസിൽ




ഡാളസ്: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഫ്ളോറിഡയിലെ മയാമിയിൽ നവംബർ 2 മുതൽ 4 വരെ നടക്കുന്ന പത്താമത് അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന്റെ ഡാളസ് ചാപ്റ്റർ കിക്കോഫ് ഏപ്രിൽ 25ന് ചൊവ്വാഴ്ച വൈകിട്ട് 6.30ന് ഡാളസ് കേരളാ അസോസിയേഷൻ ഹാളിൽ നടന്നു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ പ്രസിഡന്റ് സുനിൽ തൈമറ്റം, സെക്രട്ടറി രാജു പള്ളത്ത്, ട്രഷറർ ഷിജോ പൗലോസ്, അഡ്വൈസറി ബോർഡ് ചെയർമാൻ ബിജു കിഴക്കേക്കുറ്റ്, നാഷണൽ അഡ്വൈസറി ബോർഡ് അംഗവും മുൻ പ്രസിഡന്റുമായ മധു കൊട്ടാരക്കര, പ്രസിഡന്റ് ഇലക്ട് സുനിൽ ട്രൈസ്റ്റാർ, വൈസ് പ്രസിഡന്റ് ബിജു സക്കറിയ, ജോയിന്റ് സെക്രട്ടറി സുധാ പ്ലാക്കാട്ട്, ജോ.ട്രഷറർ ജോയി തുമ്പമൺ, ഓഡിറ്റർ ജോർജ് ചെറായിൽ എന്നിവർ പങ്കെടുത്തു.

മയാമിയിൽ വച്ച് നടക്കുന്ന മാധ്യമ സമ്മേളനത്തിൽ ഡാളസിൽ നിന്നും പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷനും സ്പോൺസർഷിപ്പും സമ്മേളനത്തിൽ വച്ച് സ്വീകരിക്കും. ഡാളസ് ചാപ്റ്റർ പ്രസിഡന്റ് ഷാജി എസ്.രാമപുരം, സെക്രട്ടറി സജി സ്റ്റാർലൈൻ, ട്രഷറർ തോമസ് കോശി, വൈസ് പ്രസിഡന്റ് രവികുമാർ എടത്വാ, ജോ.സെക്രട്ടറി മാർട്ടിൻ വിലങ്ങോലിൽ, ചാപ്റ്റർ ഉപദേശക സമിതി അംഗങ്ങളായ എബ്രഹാം തോമസ്, ജോസ് പ്ലാക്കാട്ട് എന്നിവർ നേതൃത്വം വഹിക്കും.

## ഐക്യത്തിന്റെ ചരിത്ര മുഹൂർത്തം കുറിക്കാൻ അറ്റ്ലാന്റ ക്നാനായക്കാർ

**– തോമസ് കല്ലിടാന്തയിൽ**




ജോർജിയ: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയയും അറ്റ്ലാന്റാ ഹോളി ഫാമിലി ക്നാനായ കാത്തലിക് ദേവാലയവും ഒരുമിച്ചു സംഘടിപ്പിക്കുന്ന ക്നാനായ പാരമ്പര്യദിനവും, ക്നാനായി തോമാ ദിനാചരണവും, ക്നാനായ റീജിയൻ ദിനവും ഏപ്രിൽ 30ന് ഉച്ചകഴിഞ്ഞ് അറ്റ്ലാന്റയിലെ ക്നായി തൊമ്മൻ ഹാളിൽ അരങ്ങേറും.

ക്നാനായ റീജയണൽ ഡയറക്ടർ മോൺസിജോർ തോമസ് മുളവനാൽ മുഖ്യാതിഥിയായി പങ്കെടുക്കും. ചന്തംചാർത്ത്, മൈലാഞ്ചി ഇടീൽ, മാർഗംകളി, പുരാതനപാട്ട്, പിടിയും കൊഴിക്കറിയും എന്നിവയാണ് ഈ സംരംഭത്തിന്റെ പ്രത്യേകതയെന്ന് പ്രസിഡന്റ് ഡൊമിനിക് ചാക്കോനൽ അറിയിച്ചു.

തിരുകുടുംബ ദേവാലയ വികാരിയും, കെസിഎജി സ്പിരിചൽ ഡയറക്ടറുമായ ഫാ.ബിനോയ് നാരമംഗലത്തു ആശംസകൾ അറിയിച്ചു.

# സ്റ്റാഫോർഡ് സിറ്റി കൗൺസിലിലേക്ക് മത്സരിക്കുന്ന ഡോ. മാത്യു വൈരമണിന് മീറ്റ് ആൻഡ് ഗ്രീറ്റ് നടത്തി



സ്റ്റാഫോർഡ് സിറ്റി കൗൺസിലിലേക്ക് മത്സരിക്കുന്ന ഡോ. മാത്യു വൈരമണിനെ അഭിവാദ്യം ചെയ്യുന്നതിനായി മീറ്റ് ആൻഡ് ഗ്രീറ്റ് മീറ്റിംഗ് സംഘടിപ്പിച്ച് ഹൂസ്റ്റൺ പൗരാവലി.

കേരള കിച്ചണിൽ സംഘടിപ്പിച്ച പരിപാടിക്ക് റവ. കെ. ബി. കുരുവിളയാണ് നേതൃത്വം നൽകി. ഡ്വയർ ഫൈല, ഡോ. എബ്രഹാം ചാക്കോ, ടോം വിരിപ്പൽ, മാർട്ടിൻ ജോൺ, ജോജി ജോസഫ്, ജെയ്സൻ ജോസഫ്, ഫിലിപ് പതിയിൽ, അനൂപ് എബ്രഹാം തുടങ്ങി നിരവധി പ്രമുഖർ മാത്യു വൈരമണിന് വിജയാശംസകൾ അറിയിച്ചു.

ഹൂസ്റ്റണിലെ സാമൂഹ്യ സാംസ്കാരിക സാമുദായിക രംഗത്തെ സാന്നിധ്യമായ ഡോ. അഡ്വ. മാത്യു വൈരമൺ സ്റ്റാഫോർഡ് സിറ്റി കൗൺസിലിൽ പൊസിഷൻ നമ്പർ ലോണ് മത്സരിക്കുന്നത്.

സ്റ്റാഫോർഡ് സിറ്റിയിലെ സിറോ പ്രോപ്പർട്ടി ടാക്സ് നിലനിർത്തുക, സിറ്റിയിലെ ഡ്രൈനേജ് സിസ്റ്റം നവീകരിക്കുക, സിറ്റിയിലെ എല്ലാ വകുപ്പുകളും സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നുവെന്നു ഉറപ്പു വരുത്തുക, സിറ്റിയുടെ സൗന്ദര്യവല്കരണത്തിനു ഊന്നൽ നൽകുക, സിറ്റിക്ക് ഉന്നത നിലവാരത്തിലുള്ള സേഫ്റ്റി ആൻഡ് സെക്യൂരിറ്റി, സ്റ്റാഫോർഡ് മുനിസിപ്പൽ സ്കൂൾ ഡിസ്ട്രിക്ടിനു പൂർണ പിന്തുണ നൽകി കുട്ടികളുടെ വിദ്യാഭ്യാസ സാധ്യതകൾ വിപുലപ്പെടുത്തുക, സിറ്റിയുടെ പദ്ധതികളുടെ നിർവഹണം സമയബന്ധിതമായി നടപ്പാക്കുന്നതിന് പിന്തുണ നൽകുക, സ്റ്റാഫോർഡ് സിറ്റിക്ക് കൂടുതൽ വരുമാനം ലഭിക്കത്തക്കവണ്ണം കൂടുതൽ ബിസിനസ് സംരംഭങ്ങൾ ആരംഭിയ്ക്കുകയും ഇപ്പോൾ ഉള്ള ബിസിനെസ്സ് സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് മാത്യു വൈരമൺ ലക്ഷ്യം വെച്ചിരിക്കുന്നത്.

ടെക്സാസ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകൻ, അറ്റോർണി, സാഹിത്യകാരൻ, കവി, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നതോടൊപ്പം ഹൂസ്റ്റണിലെ ആത്മീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലും സജീവ സാന്നിധ്യമാണ്. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസിൽ ടെക്സാസ് സതേൺ യൂണിവേഴ്സിറ്റിയിൽ നിന്നും പിഎച്ച്ഡി യും, ക്രിമിനൽ ജസ്റ്റിസിൽ യൂണിവേഴ്സിറ്റി ഓഫ് ഹൂസ്റ്റൺ ഡൗൺടൗണിൽ നിന്നും എംഎസ് ഡിഗ്രിയും കരസ്ഥമാക്കിയ ഇദ്ദേഹം ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്നും എൽഎൽബിയും കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിമിനൽ ലോയിൽ എൽഎൽഎം ഡിഗ്രിയിൽ രണ്ടാം റാങ്കോടെയും പാസായി.

ടെക്സാസ് യൂണിവേഴ്സിറ്റിയിൽ നിന്നും സെർട്ടിഫൈഡ് ഫിനാൻഷ്യൽ പ്ലാനർ കോഴ്സും പൂർത്തീകരിച്ചു. ഇന്ത്യയിൽ അഡ്വക്കേറ്റായിരുന്ന ഇദ്ദേഹം ലൂസിയാന സ്റ്റേറ്റിൽ നിന്നും അറ്റോർണി അറ്റ് ലോ ലൈസൻസും നേടി. ഏഴു പുസ്തകങ്ങളും ധാരാളം ലേഖനങ്ങളും മലയാളത്തിലും ഇംഗ്ലീഷിലുമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്റ്റാഫോർഡ് സിറ്റി പ്ലാനിങ് ബോർഡ് ആൻഡ് സോണിംഗ് കമ്മീഷണർ, പ്രോമിനേഡ് ഹോം ഓണേഴ്സ് അസോസിയേഷൻ ഡയറക്ടർ ബോർഡ് അംഗം, കേരള റൈറ്റേഴ്സ് ഫോറം പ്രസിഡന്റ്, കുണ്ടറ അസോസിയേഷൻ സ്ഥാപക സെക്രട്ടറി, ബൈബിൾ ലിറ്ററേച്ചർ ഫോറം സ്ഥാപക സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു. മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ (മാഗ്) വൈസ് പ്രസിഡന്റ്, പിആർഒ, വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൻ ചാപ്റ്റർ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ഐപിസിഎൻഎ ഹൂസ്റ്റൺ ചാപ്റ്റർ വൈസ് പ്രസിഡന്റ്, ഇന്തോ അമേരിക്കൻ പ്രസ്സ് ക്ലബ് ഹൂസ്റ്റൺ ചാപ്റ്റർ സെക്രട്ടറി, ഫോമയുടെ ബൈലോ കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

# അല ആർട്ട് & ലിറ്ററേച്ചർ ഫെസ്റ്റിവൽ

ചിക്കാഗോ: വടക്കേ അമേരിക്കയിലെ മലയാളികളുടെ കലാസാംസ്കാരിക കൂട്ടായ്മയായ അല കലാസാഹിത്യരംഗത്തെ പ്രശസ്തരെ അണിനിരത്തി ആർട്ട്സ് ആന്റ് ലിറ്റററി ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. വിനോദത്തോടൊപ്പം അറിവും ആനന്ദവും പകർന്ന് നൽകുന്നതിനായി അലയുടെ വിവിധ ചാപ്റ്ററുകൾ സംയുക്തമായാണ് അല ഫെസ്റ്റിവൽ 2023 സംഘടിപ്പിക്കുന്നത്.

മെയ് 20ന് ന്യൂജെഴ്സിയിലും, 27ന് ചിക്കാഗോയിലുമായി ആർട്ട്സ് ആന്റ് ലിറ്റററി ഫെസ്റ്റിവൽ അരങ്ങേറും. സാഹിതര്യോത്സവത്തിൽ മലയാളത്തിന്റെ എഴുത്തുകാരായ പോൾ സഖറിയ (സഖറിയ), ബെന്യാമിൻ, കാലിഗ്രാഫിയിലൂടെ ശ്രദ്ധേയയായ ഡോണ മയൂര എന്നിവർ പങ്കെടുക്കും. സാഹിതര്യോത്സവത്തിന് അനുബന്ധമായി അലയിലെ പ്രതിഭകൾ കഥകളി ഉൾപ്പെടെയുള്ള കലാവിരുന്നുകളും അവതരിപ്പിക്കും.

2023 മെയ് 20 ശനിയാഴ്ച പ്രാദേശിക സമയം രാവിലെ 10.00ന് ന്യൂജെഴ്സിയിയും മെയ് 27ന് രാവിലെ 10.00ന് ചിക്കാഗോയിലുമായാണ് ആർട്ട്സ് & ലിറ്റററി ഫെസ്റ്റിവൽ സംഘടിപ്പിച്ചിരിക്കുന്നത്. ഫെസ്റ്റിവലിൽ നിന്നും ലഭിക്കുന്ന അധികവരുമാനം കേരളത്തിലെ ദരിദ്ര കുടുബങ്ങളുടെ ഭവനനിർമ്മാണത്തിനായി ഉപയോഗിക്കുവാൻ അല ഏകകണ്ഠമായി തീരുമാനിച്ചിട്ടുണ്ട്.

യു. എസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അല (ആർട് ലവേഴ്സ് ഓഫ് അമേരിക്ക) കേരളത്തിലെ വിവിധ മേഖലകളിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ സുപരിചിതമായ സംഘടനയാണ്. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ സമർത്ഥരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 100 ബിരുദ വിദ്യാർത്ഥികൾക്ക് അല വാർഷിക സ്കോളർഷിപ്പുകൾ നൽകിവരുന്നു. 2020ൽ കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഏകദേശം 15 ലക്ഷം രൂപ (20,000 യു.എസ്. ഡോളർ) അല സമാഹരിച്ച് കൈമാറി. ഇതിനു പുറമെ കോവിഡ് സമയത്ത് സംസ്ഥാനത്തെ കോവിഡ് ചികിത്സാ കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നതിനായി ഒരുകോടി 20 ലക്ഷം രൂപയുടെ ഉപകരണങ്ങളും വാങ്ങി നൽകി. കേരളത്തിൽ നിന്നും യു. എസ്സിൽ താമസമാക്കിയ അഞ്ചുവയസുമുതലുള്ള കുട്ടികൾക്ക് മലയാള ഭാഷാ പഠനത്തിനായി സംസ്ഥാന മലയാളം മിഷനുമായി സഹകരിച്ച് ഒരു പഠനപദ്ധതിയും അല രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി വരുന്നു.

## ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ മേയ് 12 മുതൽ മാഞ്ചസ്റ്റർ സെന്റ് മേരീസ് യാക്കോബായ ദേവാലയത്തിൽ

മാഞ്ചസ്റ്റർ: ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ മേയ് 12 മുതൽ 15 വരെ യുകെ സന്ദർശിക്കും. മാഞ്ചസ്റ്റർ സെന്റ് മേരീസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ വിശുദ്ധ മൂറോൻ അഭിഷേക കൂദാശക്കാണ് അദ്ദേഹം എത്തുന്നത്. മേയ് മാസം 13, 14 (ശനി, ഞായർ) തീയതികളിലാണ് വിശുദ്ധ മൂറോൻ കൂദാശ.

യുകെയിലെ മാഞ്ചസ്റ്ററിലേക്ക് മേയ് 11 വ്യാഴാഴ്ച രാത്രിയെത്തുന്ന പരിശുദ്ധ പിതാവിന് അഭിവന്ദ്യ മെത്രാപ്പോലീത്തമാരും, എംഎസ്ഒസി യുകെ കൗൺസിലും, മാഞ്ചസ്റ്റർ സെന്റ് മേരീസ് പള്ളി അംഗങ്ങളും ചേർന്ന് ആവേശോജ്ജ്വലമായ സ്വീകരണം നൽകും. മേയ് 12ാം തീയതി പരിശുദ്ധ പിതാവ് മാഞ്ചസ്റ്റർ സെന്റ് മേരീസ് ഇടവകാംഗങ്ങളുമായി സ്നേഹസംഗമം നടത്തും.

മേയ് 13ന് ശനിയാഴ്ച രാവിലെ യുകെയിലെ യാക്കോബായ സുറിയാനി വിശ്വാസികൾക്ക് വേണ്ടി യൂണിവേഴ്സിറ്റി ഓഫ് ബോൾട്ടൻ സ്റ്റേഡിയത്തിൽ പ്രത്യേകം ക്രമീകരിച്ച വിശുദ്ധ മദ്ബഹായിൽ പരിശുദ്ധ പിതാവ് വിശുദ്ധ കുർബ്ബാന അർപ്പിക്കും. മേയ് 13നു വൈകിട്ട് നാലോടെ മാഞ്ചസ്റ്റർ സെന്റ് മേരീസ് പള്ളിയുടെ വിശുദ്ധ മൂറോൻ കൂദാശയ്ക്കുള്ള ആരംഭം കുറിക്കുകയും ഏകദേശം 9 മണിയോട് കൂടി പ്രാർഥനാ ശുശ്രൂഷകൾക്ക് വിരാമം കുറിക്കുകയും ചെയ്യും.

മേയ് 14നു ഞായറാഴ്ച രാവിലെ 9 മണിയ്ക്ക് പരിശുദ്ധ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കപ്പെടും. അതിനുശേഷം പരിശുദ്ധ പിതാവ് മുഖ്യാതിഥിയാണ് നിന്നു കൊണ്ട് ക്ഷണിക്കപ്പെട്ട അതിഥികളും ഇടവക ജനങ്ങളും ചേർന്നുള്ള പൊതുസമ്മേളനം നടക്കും. മേയ് 14 ഞായറാഴ്ച വൈകിട്ട് പരിശുദ്ധ പിതാവിന്റെ അധ്യക്ഷതയിൽ എംഎസ്ഒസി യുകെ കൗൺസിൽ യോഗം ചേരും.

യുകെ പാത്രിയാർക്കൽ വികാരി മോർ ഒസ്താത്തിയോസ് ഐസക് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ശ്ലൈഹീക സന്ദർശനത്തിനായുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഭദ്രാസനത്തിലെ വൈദികരും കൗൺസിൽ അംഗങ്ങളും ചടങ്ങുകൾക്ക് നേതൃത്വം നൽകും.

## യു എസ്സിൽ നിയമവിരുദ്ധമായ ചൈനീസ് പോലീസ് സ്റ്റേഷൻ 2 പേർ അറസ്റ്റിൽ

**- പി.പി.ചെറിയാൻ**

ന്യൂയോർക്ക്: ന്യൂയോർക്ക് സിറ്റിയിൽ ലോവർ മാൻഹട്ടനിൽ ചൈന സർക്കാരിന് വേണ്ടി അനധികൃത പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ സഹായിച്ചെന്നാരോപിച്ച് രണ്ട് പേരെ എഫ്ബിഐ അറസ്റ്റ് ചെയ്തു.

ചൈനീസ് സർക്കാരിന്റെ ഏജന്റുമാരായി പ്രവർത്തിക്കാൻ ഗൂഢാലോചന നടത്തിയെന്ന കുറ്റമാണ് ഇരുവർക്കുമെതിരെ ചുമത്തിയിരിക്കുന്നത്. ബ്രോങ്ക്സിൽ നിന്നുള്ള ഹാരി ലു ജിയാൻവാങ് (61), മാൻഹട്ടനിലെ ചെൻ ജിൻപിംഗ് (59) എന്നിവരെ തിങ്കളാഴ്ച രാവിലെ ന്യൂയോർക്ക് നഗരത്തിലെ അവരുടെ വീടുകളിൽ വെച്ച് അറസ്റ്റ് ചെയ്തതായി എഫ്ബിഐ അറിയിച്ചു.

## തെറ്റായ വിലാസത്തിലേക്ക് വാഹനമോടിച്ച ന്യൂയോർക്ക് യുവതി വെടിയേറ്റ് മരിച്ചു

ന്യൂയോർക്ക്: തെറ്റായ വിലാസത്തിലേക്ക് വാഹനമോടിച്ച ന്യൂയോർക്ക് യുവതി വെടിയേറ്റ് മരിച്ചു. കെയ്‌ലിൻ ഗില്ലിസ് എന്ന 20 കാരിയാണ് വെടിയേറ്റ് കൊല്ലപ്പെട്ടത്.

കേസിൽ, വീട്ടുടമസ്ഥനായ കെവിൻ മോഹനനെതിരെ 65 രണ്ടാം ഡിഗ്രി കൊലപാതകം ആരോപിച്ചു കേസ്സെടുത്തിട്ടുണ്ടെന്നു ഏപ്രിൽ 20 തിങ്കളാഴ്ച നടത്തിയ വാർത്താസമ്മേളനത്തിൽ വാഷിംഗ്ടൺ കൗണ്ടി ഷെരീഫ് ജെഫ്രി മർഫി പറഞ്ഞു.

ന്യൂയോർക്കിലെ അപ്സ്റ്റേറ്റിലെ ഒരു സുഹൃത്തിന്റെ വീട്ടിലേക്ക് ശനിയാഴ്ച രാത്രി പോകുകയായിരുന്ന 20 കാരിയായ യുവതി ഹെബ്രോനിലുള്ള തെറ്റായ വിലാസത്തിലേക്ക് ഡ്രൈവ് ചെയ്ത് പ്രവേശിച്ചതാണ് കൊലപാതകത്തിൽ കലാശിച്ചതെന്നും അധികൃതർ തിങ്കളാഴ്ച സ്ഥിരീകരിച്ചു .

## കൊല്ലപ്പെട്ട 82 യുക്രെയ്ൻ സൈനികരുടെ മൃതദേഹങ്ങൾ റഷ്യ കൈമാറി

**- ജോൺസൺ ചെറിയാൻ**

കീവ്: യുക്രെയ്നിൽ റഷ്യയുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ കൊല്ലപ്പെട്ട 82 യുക്രെയ്ൻ സൈനികരുടെ മൃതദേഹങ്ങൾ റഷ്യ കൈമാറി. മൃതദേഹങ്ങൾ സ്വീകരിച്ചതായി അറിയിച്ച യുക്രെയ്ൻ വിദേശകാര്യ മന്ത്രാലയം ജനീവകരാർ അനുസരിച്ചുള്ള നടപടിയാണിതെന്നല്ലാതെ വിശദ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. യുദ്ധത്തടവുകാരോട് റഷ്യ ക്രൂരമായി പെരുമാറുന്നതായി യുക്രെയ്ൻ ആരോപിച്ചിരുന്നു. ഇതേസമയം, യുക്രെയ്ൻ യുദ്ധവുമായി ബന്ധപ്പെട്ട ഒരു രാജ്യത്തിനും ആയുധങ്ങൾ നൽകില്ലെന്ന് ചൈനയുടെ വിദേശകാര്യ ക്വിൻ ഗാങ് ബെയ്ജിങ്ങിൽ അറിയിച്ചു. സംഘർഷം അവസാനിപ്പിക്കുന്നതിൽ സഹായിക്കാൻ ചൈന തയാറാണന്നും അദ്ദേഹം പറഞ്ഞു.

# ഗൃഹാതുരത്വ സ്മരണകളുണർത്തിയ റാന്നി എസ് സി ഹൈസ്കൂൾ പൂർവ വിദ്യാർത്ഥി സംഗമം അവിസ്മരണീയമായി



**- ജീമോൻ റാന്നി**

ഹൂസ്റ്റൺ: വിഷുദിനത്തിന്റെ നന്മകളെ ചേർത്തു നിർത്തി, സ്കൂൾ കാമ്പസിൽ പോയ്മറഞ്ഞ നനവുള്ള സ്മരണകൾ അനുസ്മരിച്ച് പഴയകാല സഹപാഠികളെയും, ഗുരുജനങ്ങളെയും ഒപ്പം ചേർത്ത് ഒരു നൂറ്റാണ്ട് പിന്നിട്ട റാന്നി എസ്സ്.സി. ഹൈസ്കൂളിന്റെ / എസ് സി ഹയർ സെക്കന്ററി സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥി ഗ്ലോബൽ സംഗമം ഏപ്രിൽ 15 നു ശനിയാഴ്ച വൈകുന്നേരം ഇന്ത്യൻ സമയം വൈകിട്ട് 6.15നു സൂം ഫ്ലാറ്റ്ഫോമിന്റെയും ലൈവ് ടെലികാസ്റ്റിന്റെയും എല്ലാ സാദ്ധ്യതകളെയും ഉപയോഗപ്പെടുത്തി നൂറുകണക്കിന് പൂർവ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടുകൂടി നടന്നു.

സ്കൂളിലെ പൂർവ വിദ്യാർത്ഥികളും അധ്യാപകരുമായ ശ്രുതി തോമസിന്റെയും സോണി തോമസിന്റെയും പ്രാർത്ഥന ഗാനത്തോട് കൂടി ഓൺലൈൻ മീറ്റിനു തുടക്കം കുറിച്ചു.

ഓൺലൈൻ മീറ്റ് സെക്രട്ടറി ചാർലി തോമസ് സ്വാഗതം ആശംസിച്ചു.

മദ്ധ്യതിരുവിതാംകൂറിന്റെ ചരിത്രത്തോടൊപ്പം നടന്നു മുന്നേറിയ ഈ പുണ്യ പുരാതന സരസ്വതി ക്ഷേത്രത്തിന്റെ സമീപകാല വളർച്ചയും, അനന്ത സാദ്ധ്യതകളെയും വരച്ചുകാട്ടുന്ന നിലവിലെ സ്കൂൾ പ്രിൻസിപ്പൽ ജേക്കബ് ബേബിയുടെ ആമുഖ പ്രസംഗത്തോടെ സമ്മേനം ആരംഭിച്ചു.

തുടർന്ന് സ്കൂൾ പൂർവവിദ്യാർത്ഥിയും ബ്രിട്ടനിലെ ബ്രിസ്റ്റോൾ മുൻ മേയറുമായ ടോം ആദിത്യ ഗ്ലോബൽ അലുമിനിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചു. 2008 മുതൽ ബ്രിസ്റ്റോളിലെ സാമൂഹ്യ രാഷ്ട്രീയ രംഗത്തെ നിറ സാന്നിധ്യമായ ടോം ആദിത്യ വിദേശ ഇന്ത്യക്കാരുടെയിൽ റാന്നിക്കാർക്ക് എന്നും അഭിമാനം പകർന്നു നൽകുന്നു.

പൂർവ വിദ്യാർത്ഥിയും മുൻ ഡി.ജി.പിയുമായ ജേക്കബ് പുന്നൂസ് ഐ പി എസ്, മാധ്യമരംഗത്തെ സജീവ സാന്നിധ്യവുമായ, എഴുത്തുകാരൻ, രാഷ്ട്രീയ നിരീക്ഷകൻ, ജയ്ഹിന്ദ് ടി വിയുടെ മുൻ ചീഫ് എഡിറ്റർ ആൻഡ് സി ഓഒായുമായ സണ്ണിക്കുട്ടി എബ്രഹാം, തിരുവല്ല മാർത്തോമാ കോളേജ് മുൻ പ്രിൻസിപ്പാളുമായ ഡോ.എബ്രഹാം തുടങ്ങിയവർ ആശംസകൾ പറഞ്ഞു.

യുകെയിൽ നിന്ന് അനീഷ് ജോൺ ആലപിച്ച ശ്രുതിമധുരമായ ഗാനം സമ്മേളനത്തിന് മികവ് നൽകി

ഗ്ലോബൽ അലുമ്നി കൺവീനർ ബാബുജി കരിമ്പനൂർ എംസിയായി പരിപാടികൾ നിയന്ത്രിച്ചു. കുര്യാക്കോസ് ജോർജ് (ഡാളസ്) ടെക്നിക്കൽ ടീമിന് നേതൃത്വം നൽകി.

ഗൾഫ് റീജിയൻ കോർഡിനേറ്റർ റോയ് കൈതവന (കുവൈറ്റ്) നന്ദി പറഞ്ഞു.

# നോർത്തേൺ വിർജീനിയ സെന്റ് മേരീസ് ഇടവകയിൽ ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് തുടക്കം



**- ഉമ്മൻ കാപ്പിൽ**

വിർജീനിയ: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് നോർത്തേൺ വിർജീനിയ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയിൽ തുടക്കം.

ഏപ്രിൽ 16 ഞായറാഴ്ച ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് പ്രതിനിധികൾ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന് കിക്കോ ഓഫ് മീറ്റിങ് നടന്നു.

കോൺഫറൻസ് ടീമിനെ ഇടവക വികാരി ഫാ.സജി തോമസ് തറയിൽ സ്വാഗതം ചെയ്തു. സൂസൻ ജോൺ വർഗീസ്, റെബേക്ക പോത്തൻ എന്നിവർ കോൺഫറൻസിൽ പങ്കെടുത്ത മുൻകാല അനുഭവങ്ങൾ പങ്കുവച്ചു.

ജൂലൈ 12 മുതൽ 15 വരെ ഡാൽട്ടൺ, പെൻസിൽവേനിയയിലെ ഹോളി ട്രാൻസ്ഫിഗറേഷൻ റിട്രീറ്റ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക്: ഫാ.സണ്ണി ജോസഫ് (കോൺഫറൻസ് ഡയറക്ടർ) 718 608 5583, ചെറിയാൻ പെരുമാൾ (കോൺഫറൻസ് സെക്രട്ടറി) 516 439 9087

# പ്രാദേശിക ഭരണസമിതികളിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികളെ വിജയിപ്പിക്കണം; സിജു വി ജോർജ്

ഡാളസ്: ഡാളസിലെ സിറ്റി കൗൺസിൽ ഉൾപ്പെടെയുള്ള വിവിധ പ്രാദേശിക ഭരണസമിതികളിലേക് മത്സരിക്കുന്ന സ്ഥാനാർത്ഥികളെ വിജയിപ്പികുന്നതിനു മലയാളി സമൂഹം കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തണമെന്ന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡന്റ് സിജു വി ജോർജ് അഭ്യർത്ഥിച്ചു . ഡാളസ് ഫോർട്ട്വർത്ത് മെട്രോ പ്ലെക്സിലെ ഗാർലൻറ് സിറ്റി കൗൺസിലിലേക്കു ഡിസ്ട്രിക്റ്റ് 3ൽ നിന്നു മത്സരിക്കുന്ന പി .സി. മാത്യു , സണ്ണിവെയ്ൽ സിറ്റി കൗൺസിൽ പ്ലേയ്സ് 3 ലേക്ക് മത്സരിക്കുന്ന ഇന്ത്യൻ അമേരിക്കൻ മലയാളി മനു ഡാനി എന്നിവരെ വോട്ടർമാർക്ക് പരിചയപ്പെടുത്തുന്നത്തിനു സംഘടിപ്പിച്ച ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു .പ്രസിഡന്റ് സിജു വി ജോർജ്.

ഏപ്രിൽ 16 വൈകിട്ട് 4 മണിക്ക് ഗാർലൻഡിലുള്ള കിയ ആഡിറ്റോറിയത്തിലായിരുന്നു ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പരിചയപെടുത്തൽ സമ്മേളനം സംഘടിപ്പിച്ചത്. അമേരിക്കൻ മലയാളികളുടെ ഇഷ്ട നഗരികളിൽ ഒന്നായ ഡാളസ് മെട്രോപ്ലക്സിൽ ഉൾപ്പെടുന്ന ഗാർലൻഡ്, സണ്ണി വെയിൽ സിറ്റി കൗൺസിലിലേക്ക് സ്ഥാനാർത്ഥികളായി മത്സരിക്കുന്ന മലയാളികളായ പി.സി. മാത്യു മനു ഡാനി എന്നിവർ അതാതു സിറ്റികളിൽ ശക്തമായ മത്സരമാണ് നേരിടുന്നതെന്നു സിജു പറഞ്ഞു. തിരക്ക് പിടിച്ച ജീവിതത്തിനിടയിൽ വിലയേറിയ സമയവും, പണവും ചിലവഴിച്ചു സാമൂഹ്യ സേവനത്തിനു സ്വയം സന്നദ്ധരായി മുന്നോട്ടു വരുന്നവർക്ക് പിന്തുണ നൽകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് സ്വാഗത പ്രസംഗത്തിൽ അഡ്വൈസറി ബോർഡ് ചെയർമാന് ബിജിലി ജോർജ് അഭിപ്രായപ്പെട്ടു

ഗാർലൻറ് സിറ്റി കൗൺസിലിലേക്കു ഡിസ്ട്രിക്റ്റ് 3ൽ നിന്നു മത്സരിക്കുന്ന പി.സി. മാത്യുവിനെ അഡ്വൈസറി ബോർഡ് അംഗം സണ്ണി മാളിയേക്കലും സണ്ണിവെയ്ൽ സിറ്റി കൗൺസിൽ പ്ലേയ്സ് 3 ലേക്ക് മത്സരിക്കുന്ന ഇന്ത്യൻ അമേരിക്കൻ

# എം.ജി. ഒ.സി.എം മുൻ അംഗങ്ങളുടെ യോഗം സെന്റ് മേരിസ് ഇൻഡ്യൻ ഓർത്തഡോക്സ് ഇടവകയിൽ നടന്നു



**- സജി എം പോത്തൻ**

റോക്‌ലാൻഡ്: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന മുൻഭാരവാഹികളും പ്രവർത്തകരും റോക്‌ലാൻഡ് സെന്റ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് ഇടവകയിൽ കൂടി. മുൻ പ്രസിഡന്റ് മുംബൈ ഭദ്രാസന മെത്രാപ്പോലിത്ത ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ഇടവകവികാരി ഫാ.ഡോ. രാജു വർഗീസ് സ്വാഗതം ആശംസിച്ചു.

എം ജി ഒ സി എസ് എം അലുമിനി സെക്രട്ടറി മാത്യു സാമുവേൽ അലുമിനിയുടെ ഇത പര്യന്തമുള്ള പ്രവർത്തനങ്ങൾ വിവരിച്ചു.

ഡയോസിസൻ കൗൺസിൽ അംഗം ഉമ്മൻ കാപ്പിൽ, യൂത്ത് മിനിസ്റ്റർ ആയി പ്രവർത്തിക്കുന്ന ഡീക്കൻ ഷോജിൻ എബ്രഹാമിന്റെ ക്യാമ്പസ് മിനിസ്ട്രി പ്രവർത്തനങ്ങൾ വിവരിച്ചു.

തുടർന്നു നടന്ന സംവാദത്തിൽ മുൻ മലങ്കര അസോസിയേഷൻ മാനേജിങ് കമ്മിറ്റി അംഗം ഫിലിപ്പോസ് ഫിലിപ്പ് മോഡറേറ്ററായിരുന്നു.

മുൻഭദ്രാസന കൗൺസിൽ അംഗവും, എം ജി ഒസി എസ് എം അലുമിനി ജോയിന്റ് സെക്രട്ടറിയുമായ സജി എം പോത്തൻ, റവ. യൗനാൻ മുളമൂട്ടിൽ, ഫാ. രാജു വർഗീസ്, ഫാ. ലാബി ജോർജ്, ഫാ. ജോൺ തോമസ്, ഫാ.റിഞ്ചു കോശി മലങ്കര അസോസിയേഷൻ മാനേജിങ് കമ്മിറ്റി അംഗം ഷാജി വർഗീസ്, ഭദ്രാസന കൗൺസിൽ അംഗം ഉമ്മൻ കാപ്പിൽ, മുൻ കൗൺസിൽ അംഗം സജി എം പോത്തൻ, സോണി ജേക്കബ് , ഫിലിപ് തങ്കച്ചൻ, ഫാ. ജോർജ് പനക്കമിറ്റം തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ബിസിനസ് മീറ്റിൽ എം.ജി.ഒ.സി.എസ്എംന്റെ സെക്രട്ടറിയായി ഫാ.തോമസിനെയും ഇടവക അംഗമായ ഫിലിപ്പ് തങ്കച്ചനെയും തിരഞ്ഞെടുത്തു. ജോയിന്റ് സെക്രട്ടറി സജി എം പോത്തന്റെ നന്ദി പറഞ്ഞു.

## അന്നമ്മ മാത്യു



ന്യൂജേഴ്സി: മാലത്തുശ്ശേരിൽ പരേതനായ മാത്തൻ മാത്യുവിന്റെ (മാത്തുക്കുട്ടി) ഭാര്യ അന്നമ്മ മാത്യു (97 ) ഏപ്രിൽ 16 നു ന്യൂ ജേഴ്സിയിൽ മകൻ മോട്ടിയുടെ വസതിയിൽ നിര്യാതയായി. പരേത റാന്നി മേനാംതോട്ടം കുടുംബാംഗമാണ്.

മക്കൾ: പരേതയായ വത്സമ്മ കുര്യാക്കോസ്, ജോളി ചാക്കോ, പരേതയായ ലിസി മാത്യു, മേഴ്സി മാത്യു, സൂസി കുര്യാക്കോസ് (ഫിലാഡൽഫിയ), മോഹൻ മാത്യു (ഹൂസ്റ്റൺ), ഏലിയാസ് മാത്യു (മോട്ടി ന്യൂജേഴ്സി)

മരുമക്കൾ: പരേതനായ വി.സി.കുര്യാക്കോസ് എര മയ്ക്കൽ, ബേബി ചാക്കോ നെടുങ്ങത്തറ, പി.ടി.കുര്യാക്കോസ് പറത്തോടത്തിൽ (ഫിലാഡൽഫിയ), ഓമന കണ്ടാരപ്പള്ളിൽ (ഹൂസ്റ്റൺ), ഷൈനി കണ്ണച്ചാപറമ്പിൽ (ന്യൂജേഴ്സി)

ന്യൂജേഴ്സി സെന്റ് തോമസ് ക്നാനായ ദേവാലയത്തിലെ ശുശ്രൂഷയെ തുടർന്ന് ഏപ്രിൽ 22നു ജോർജ് വാഷിങ്ടൺ മെമ്മോറിയൽ പാർക്ക് സെമിത്തേരിയിൽ സംസ്കരിച്ചു

അനുശോചനത്തിന്: മോട്ടി 201 446 6445 ; മോഹൻ മാലത്തുശേരി 832 266 9741

**- ജീമോൻ റാന്നി**

## അഗസ്റ്റിൻ പോളിന് ഫൊക്കാനയുടെ ആദരാഞ്ജലികൾ



യർ നേതാവും, സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറസാനിധ്യവും ഹഡ്സൺ വാലി മലയാളീ അസോസിയേഷന്റെ മുൻ പ്രസിഡന്റും, റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ ഡോ.ആനി പോളിന്റെ ഭർത്താവ് അഗസ്റ്റിൻ പോളിന്റെ നിര്യാണത്തിൽ ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ അനുശോചനം അറിയിച്ചു.

സഹോദരപുത്രന്റെ വൈദികാഭിഷേകത്തിൽ പങ്കെടുക്കാൻ വേണ്ടി ആനിപോളിനോടൊപ്പം നാട്ടിൽ പോയ അവർ കഴിഞ്ഞ ദിവസങ്ങളിലും ഫെയ്സ്ബൂക്കിലൂടെ ധാരാളം പിക്ചറുകൾ ഷെയർ ചെയ്തിരുന്നു. പെട്ടന്നുള്ള അസുഖത്തെ തുടർന്ന് എറണാകുളത്ത് മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പികയും അവിടെവെച്ചു അന്ത്യം സംഭവിക്കുകയും ആണ് ഉണ്ടായത്. മൃതദേഹം അമേരിക്കയിലേക്ക് കൊണ്ടു വരുന്നതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

ഫൊക്കാനയുടെ ആദ്യകാലം മുതലേയുള്ള പ്രവർത്തകനാണ് അഗസ്റ്റിൻ പോൾ, ഫൊക്കാന കൺവൻഷ നിലും പങ്കെടുത്തിട്ടുണ്ട്. ആൽബനി കൺവൻഷനിൽ മാഗസിന്റെ എഡിറ്റർ ആയും മികവുറ്റ പ്രവർത്തനം കാഴ്ചവെച്ചിരുന്നു. ആനി പോളിന്റെ രാഷ്ടീയ ഉയർച്ചയിൽ മുഖ്യ പങ്ക് വഹിച്ചത് അഗസ്റ്റിൻ പോൾ ആണ്

ആനി പോൾ ഫൊക്കാനയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയിലും ട്രസ്റ്റീ ബോർഡിലും പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയിലൂടെ വളർന്നു വന്നു അമേരിക്കൻ രാഷ്ട്രിയത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് ആനി പോൾ. മൂന്നു തവണ കൗണ്ടി ലെജിസ്ലേറ്റർ ആയും മേജോരിറ്റി ലെജിസ്ലേറ്റീവ് വൈസ് ചെയർ ആയും വിവിധ കമ്മറ്റികളിൽ ചെയർ ആയും പ്രവർത്തിച്ചിട്ടുണ്ട്. ഈ വിജയങ്ങളുടെ എല്ലാം പിന്നിലെ സൂത്രധാരൻ അഗസ്റ്റിൻ പോൾ ആയിരുന്നു. അദ്ദേഹത്തിന്റെ നിര്യണം അമേരിക്കൻ മലയാളീ സമൂഹത്തിന് തീരാ നഷ്ടമാണെന്നു സെക്രട്ടറി ഡോ.കല ഷാഹി, ട്രഷർ ബിജു ജോൺ, ട്രസ്റ്റി ബോർഡ് ചെയർമാൻ സജി പോത്തൻ, എക്സ്. വൈസ് പ്രസിഡന്റ് ഷാജി വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർമാൻ സജി പോത്തൻ, വൈസ് പ്രസിഡന്റ് ചക്കോ കുര്യൻ, ജോയിന്റ് സെക്രട്ടറി ജോയി ചക്കപ്പാൻ, അഡിഷണൽ ജോയിന്റ് സെക്രട്ടറി സോണി അമ്പൂക്കർ, ജോയിന്റ് ട്രഷർ ഡോ. മാത്യു വർഗീസ്, ജോയിന്റ് അഡീഷണൽ ട്രഷറർ ജോർജ് പണിക്കർ, വിമെൻസ് ഫോറചെയർ ഡോ. ബ്രിജിറ്റ് ജോർജ്, കൺവൻഷൻ ചെയർമാൻ വി പി ൻരാജ് എന്നിവർ അറിയി ച്ചു.

**- ശ്രീകുമാർ ഉണ്ണിത്താൻ**

## അന്നമ്മ ലൂക്കോസ് ചാമക്കാല




ന്യൂയോർക്ക്: പരേതനായ ലൂക്കോസ് ജേക്കബ് ചാമക്കാലയുടെ ഭാര്യ അന്നമ്മ ലൂക്കോസ് ചാമക്കാല (80) റോക്‌ലാൻഡിൽ അന്തരിച്ചു. മാന്നാനം ഓണശ്ശേരിൽ കുടുംബാംഗമാണ്.

മക്കൾ: ജസ്റ്റിൻ ആന്റ് ജെസ്സി (റോക്‌ലാൻഡ്), ജോസ് ആന്റ് മിനി (റോക്‌ലാൻഡ്), ആഗി ആന്റ് പിയോ (ഒക് ലഹോം), നിർമല ആന്റ് ഷാജി (ന്യൂയോർക്ക്)

കൊച്ചുമക്കൾ: ജോയൽ ആന്റ് റോണി ചാമക്കാല, ആഷ്ലി ആന്റ് ജെയിംസ് പാറയിൽ, അഞ്ജലി ആന്റ് സഞ്ജു കൊല്ലരേട്ട്, അനന്യ ആന്റ് ജിൽസ് കുന്നപ്പള്ളിമറ്റത്തിൽ, ജിലു, അനീഷ, കെവിൻ, ക്രിസ്റ്റി, കാരെൻ, അപൂർവ, അൻവിൻ, അനൂജ്.

27ന് തിങ്കളാഴ്ച രാവിലെ റോക്‌ലാൻഡ് സെന്റ് മേരീസ് ക്നാനായ കാത്തലിക് ദേവാലയത്തിലെ ശുശ്രൂഷയെ തുടർന്ന് സംസ്കാരിച്ചു.

## മറിയാമ്മ ചെറിയാൻ



ടെക്സാസ്: കോട്ടയം അരിപ്പറമ്പ് മറിയാമ്മ ചെറിയാൻ (മേരിക്കുട്ടി )തെക്കേക്കര പുത്തൻ പുരയിൽ (70) ഡാളസ്സിൽ അന്തരിച്ചു. മെയ് 3 ബുധനാഴ്ച 10ന് കാൽവറി പെന്തക്കോസ്തൽ ചർച്ച്, റിച്ചാർഡ്സണിൽ സംസ്കാരം നടക്കും. ഭർത്താവ്: ചെറിയാൻകുഞ്ഞു ചെറിയാൻ

മക്കൾ : ബിന്ദു, ബിൻസി, സാം മരുമക്കൾ: ബിജുരാജ്, തോമസ്ജോൺ, ലിജുമോൻ ചെറിയാൻ കൊച്ചുമക്കൾ: കെന്നസ്സ്, കെന്നത്ത്, ഷെനെൻ, ഷെൽ വിൻ, ഷെർലിൻ, സാമുവേൽ, നഥാനിയേൽ.

അനുശോചനത്തിന്: തോമസ് ജോൺ: 214 500 8566

സംസ്കാര ശുശ്രുഷയുടെ തൽസമയ സംപ്രേക്ഷണം പ്രോവിഷൻ ടിവിയിൽ ലഭ്യമാണ് www.provisiontv.in https://youtu.be/4nwlpX8WxKw

**- പി പി ചെറിയാൻ**

## ആൻസി മാത്യു കൈതമറ്റം

ഡാളസ്: സൗത്ത് പാമ്പാടി കൈതമറ്റത്തിൽ ജോ മാത്യുവിന്റെ ഭാര്യ ആൻസി മാത്യു (49) ഡാളസിൽ അന്തരിച്ചു. റാന്നി അയിരൂർ താന്നിക്കാട്ട് കുടുംബാംഗമാണ്.

മക്കൾ: ഏഞ്ചൽ മാത്യു, നൈജൽ മാത്യു. ഗാർലാൻഡ് സെന്റ് തോമസ് സീറോ മലബാർ ഫൊറോന ദേവാലയത്തിലെ ശുശ്രൂഷയെ തുടർന്ന് ഏപ്രിൽ 22ന് ന്യൂ ഹോപ് സെമിത്തേരിയിൽ നടന്നു.